Vol. 22. No. 8.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

വരിസംഖ്യ മുൻകൂർ) August, 1924. (1 ബ്രി. രൂപാ മാത്രം.

# വിഷയവിവരണിക.


വേജ്.

1. സ്വർഗ്ഗനായികാകീർത്തനം. ശ്രീമാൻ സി. എ. സെബാസ്ത്യൻ. 167
2. പ്രസാധകക്കുറിപ്പുകൾ. ”
3. പുനരൈക്യം. 169
നി. വ. ദിവ്യശ്രീ മാർ ഫ്രാൻസീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്.
4. വേദപുസ്തകപാരായണം. 170
വെറി റവ. ഫാദർ അലക്സാണ്ടർ സി ഡി.
5. സ്കോട്ടുലണ്ടിലെ പ്രധാന ധ്യാനാശ്രമം. 171
ശ്രീമാൻ എൻ. എക്സ് മാത്യു, ബി. ഏ. എഡിൻബറാ
6. ദിവസം അടുത്തിരിക്കുന്നു. (പദ്യം) 173
ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ,
7. ഹനാൻവെള്ളം. ദിവ്യശ്രീ ഏണേക്കാട്ടുയൌസേപ്പുകത്തനാർ. 174
8. വീരമാമുനി. ശ്രീമാൻ വാകയിൽ അലക്സാണ്ടർ ബി. ഏ. 176
9. ദിവ്യകാരുണ്യസഭ. റവ. ഫാദർ ഫില്ലാരെയോൻ സി. ഡി. 178
10. തിരുഹൃദയ പൊതുനിയോഗം. 180
11. ഇൻഡ്യയുടെ വിസിറ്റർ അപ്പസ്തോലിക്കാ. 181
12. പുതിയ പ്രസിദ്ധീകരണങ്ങൾ. 182
13. വർത്തമാനസംഗ്രഹം 1·3
14. മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. പഞ്ചാംഗം.



## സമുദായ മാതൃവിലാപം. (ഗാഥ)

കേരളീയ കത്തോലിക്കാസമുദായത്തിലെ വിലപനീയങ്ങളായ ചില നടപടികളെപ്പററി സമുദായജനനി വിലപിക്കുംവിധം സാമുദായിക ദൂഷ്യങ്ങളെ ഹൃദയസ്പൃക്കമായി പ്രതിപാദിച്ചിട്ടുള്ളതും കത്തോലിക്കരേവരും വായിച്ചിരിക്കേണ്ടതുമായ ഒരു ലളിത ഖണ്ഡകൃതി. ഹയരാർക്കിയുടെ ഒരു ചെറുസ്മാരകമായി അഭിനവ മെത്രാപ്പോലീത്താ തിരുമനസ്സിലെ മനോമോഹനമായ ഛായാപടത്തോടുകൂടി നല്ല മേനിക്കടലാസിൽ അച്ചടിച്ചു തയ്യാറാക്കിയിരിക്കുന്നു. നാല്പതോളം വശങ്ങളുള്ള ഈ ലഘുകാവ്യത്തിനു് വില രണ്ടരച്ചക്രം മാത്രം. 10-നു 1 കമ്മീഷൻ. 'റ്റി. കെ. വക്കി, ചേർത്തല' എന്ന ഗ്രന്ഥകർത്താവിൻെറ മേൽവിലാസത്തിലോ, 'തോമസ് പാപ്പി വേലങ്കളം, ചമ്പക്കുളം' എന്ന പ്രസാധകൻെറ മേൽവിലാസത്തിലോ പുസ്തകത്തിനു് ഉടൻ ആവശ്യപ്പെടുക.

### വില വേണ്ടാ,

കത്തോലിക്കപ്രസിദ്ധീകരണങ്ങൾ ജനതാമദ്ധ്യത്തിൽ വിതരണം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം എനിക്കു വേണ്ടപോലെ ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതിനാൽ കുസുമഗ്രന്ഥാവലി, ലീഗുപ്രസിദ്ധീകരണം, എം. സി. എസ്. എൽ മുതലായി എൻെറപക്കലുള്ള ഒരുനൂറോളം പുസ്തകങ്ങൾ സൗജന്യമായി കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അകത്തോലിക്കർ മേൽവിലാസം എഴുതി അയച്ചാൽ മതി. കത്തോലിക്കർ 10 കാശിൻെറ സ്റ്റാമ്പുസഹിതം അപേക്ഷിക്കണം.

മൂശാരിപറമ്പിൽ സി. ചെറിയാൻ, കുറവിലങ്ങാടു്.



പരിശുദ്ധ കന്യകമറിയത്തിന്റെ
സ്വർഗ്ഗാരോഹണം.

St. Joseph's Press. Mannanam.

# കർമ്മലകുസുമം.

പുസ്തകം ൨൨.} ൧൯൨൪ ആഗസ്റ്റ്. {ലക്കം ൫.


## സ്വർഗ്ഗനായികാകീർത്തനം.

(മഞ്ജുനികർ കുന്തളമെന്നരീതി.)

നാഥനാമക്രിയരാഗം. ചാപ്പ് — താളം.

കന്യകമാർമകുടമാകും — മേരീ; മഹേശി — ത്രായേ! നമസ്തേ!
മാനുഷകുലത്തിൻ രക്ഷകീ!
നര — കാഹിയേ, ചര — ണാബ്ജത്താൽ.
പരി — മർദ്ദിച്ച പരി — ശുദ്ധയേ!
നിന്മകനാൽ പരലോകത്തി — ലാരോഹിതയായ് — വസിച്ചിടുന്ന —
നന്മതൻെറ വിളനിലമേ!
തവ - പാദത്തെ — ഇത കുപ്പുന്നേൻ
മമ — പാപത്തെ, കള — യേണമേ.
ദിവ്യലോകകുലനായകീ — മനോജ്ഞഗാത്രീ — മനുഷ്യധാത്രീ.
ഭവ്യവാണീഫലദായകീ!
ശത — മാലിന്യേ, ഭുവി — മാലെന്യേ.
മമ — വാഴവാൻ, വര — മേകണേ.
നിന്നെമാനിക്കുകകാരണം — നശിച്ചിടാ — നൊരിക്കല്ലും നീ
എന്നെയനുവദിച്ചീടരുതേ!
പര — നമ്മയേ, നിറ — നന്മയെ.
നര വെണ്മയേ — പരി — ചിന്മയേ.

അതിരമ്പുഴ സി. എം. സെബാസ്റ്റ്യൻ.

## പ്രസാധകക്കുറിപ്പുകൾ

തിരുനാൾ പ്രാർത്ഥന

സ്വർഗ്ഗത്തിൻെറ രാജസ്ത്രീയായി ആരോഹണം ചെയ്തിരിക്കുന്ന പരിശുദ്ധ കന്യകേ! കണ്ണുനീർ പ്രളയത്തിൽ മുങ്ങിക്കിടക്കുന്ന നിൻെറഅയോഗ്യമക്കളേ ഈ തിരുനാൾ ദിവസത്തിൽ നീ തൃക്കൺപാർക്കേ. പ്രിയ അമ്മേ! ഭൂലോകം ഞങ്ങൾക്കു പരദേശവും കാരാഗൃഹവുമാണെന്നും, ഞങ്ങളുടെ ജന്മദേശവും നിത്യഭവനവും സ്വർഗ്ഗത്തിൽ മാത്രമാണെന്നും പൂർണ്ണമായി ഗ്രഹിക്കുന്ന

തിന്നു ഞങ്ങൾക്കു കൃപചെയ്തരുളണമേ! ലോകത്തിൻെറയും അതിൻെറ സുഖഭോഗങ്ങളുടേയും അസ്ഥിരത എത്രയോതവണ ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടും ഇനിയും അതിനെ ഞങ്ങൾ സ്നേഹിക്കുന്നതെങ്ങിനെയെന്നു ഞങ്ങൾ ആശ്ചര്യപ്പെടുന്നു. അതുകയാൽ പ്രിയമാതാവേ! ഈ മായങ്ങളെയെല്ലാം ഞങ്ങളുടെ ഹൃദയത്തിൽ നിന്നു ബഹിഷ്കരിച്ച് ദൈവത്തിൻെറയും സ്വർഗ്ഗത്തിൻെറയും സ്മരണയോടുകൂടി ജീവിക്കുന്നതിന്നും, കടശി നല്ലമരണം പ്രാപിച്ചു നിന്നോടുകൂടെ വന്നു ആനന്ദിക്കുന്നതിനും ഞങ്ങൾക്കു നീ ഇടവരുത്തിയരുളണമേ! ആമ്മേൻ.

അനുതാപപ്പെട്ടു പിതാവിയന്നു.

പൂർവ്വകാലത്തിൽ ജലപ്രളയത്താൽ ലോകത്തേ നശിപ്പിക്കുന്നതിനുണ്ടായ കാരണം ദൈവം നന്നേ നോഹിനോടു ഇപ്രകാരം അറിയിക്കയുണ്ടായി. "മനുഷ്യരുടെ ദുഷ്ടതയാൽ ലോകം നിറഞ്ഞിരിക്കുന്നു; അതുകയാൽ അവരേ ലോകത്തോടുകൂടെ ഞാൻ നശിപ്പിച്ചുകളയും." ഓരോരുത്തൻ അവനവൻെറ ഉള്ളിലേക്കും സമീപസ്ഥരിലേക്കും തങ്ങളുടെ കണ്ണുകളേ തിരിച്ചുനോക്കുന്നതായാൽ അന്നത്തേപ്പോലെയുള്ള ഒരു ദൈവകോപത്തിനു ഇക്കാലത്തും ലോകം പാത്രീഭവിച്ചിട്ടില്ലെന്നു അക്കുപറവാൻ ധൈര്യമുണ്ടാകും? മനുഷ്യരുടെ ദുഷ്ടതയാൽ ലോകം നിറഞ്ഞിരിക്കുന്ന ദയനീയ കാര്യം ഏതൊരുവനാണു പ്രത്യക്ഷപ്പെടാത്തതു്? ജനങ്ങൾ ആബാലവൃദ്ധം ദൈവത്തേ മാനം നികൃഷ്ട പാപങ്ങൾക്കു വശംവദരായി ജീവിക്കുന്ന ഭയങ്കരസ്ഥിതി ദൈവഭയമുള്ള ആളുകൾ എത്രഭീതിപൂർവ്വമാണു നോക്കികൊണ്ടിരുന്നതു്. സ്വർഗ്ഗസ്ഥനായ പിതാവ് ഇതെങ്ങനെ സഹിക്കുന്നു എന്നു നീതിമാന്മാർ വിലപിച്ചിരുന്നു. സ്നേഹപൂർവ്വം ഇടക്കിടെ അനുതാപത്തിനു വിളിച്ച ആ പിതാവിൻെറ സ്വരം കേൾക്കുന്നതിനു ആളുണ്ടായില്ല അതിനാൽ ഇതാ തൻെറ കോപാഗ്നി കടശി നമ്മുടെമേൽ വീണിരിക്കുന്നു. അനുഗ്രഹമുള്ള പിതാവിൻെറ കൈ തടയുന്നതിനു ആർക്കു ശക്തിയുണ്ടു്? മനുഷ്യൻെറ ബുദ്ധിസാമർത്ഥ്യമോ, ശാസ്ത്രനൈപുണ്യമോ, കലാവൈദഗ്ദ്ധ്യമോ ഇതിന്നു ശക്തിയുള്ളതല്ല. അനുതാപമുള്ള ഹൃദയം ഒന്നുമാത്രമേ ദൈവകോപത്തെ ശമിപ്പിക്കുന്നതിനു പര്യാപ്തമാകയുള്ളു. അതുകയാൽ നേരായ മനസ്താപത്തോടെ അവിടത്തെ സന്നിധിയിൽ അണയണം. പരസ്യമായ പ്രാർത്ഥനകളാലും പ്രായശ്ചിത്ത കൃത്യങ്ങളാലും കഴിഞ്ഞ പാപങ്ങൾക്കു നാം പരിഹാരം ചെയ്യണം. മേലിൽ അവിടത്തെ വിശ്വസ്തമക്കളായി ജീവിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്യണം ഇതുമാത്രമാകുന്നു നമ്മുടെ തലമേൽ തൂങ്ങിയിരിക്കുന്ന ദൈവകോപത്തിൽ നിന്നു് ഒഴിവാനുള്ള മാർഗ്ഗം.

വിശുദ്ധ വത്സരം

ഇരുപത്തഞ്ചു സംവത്സരത്തിലൊരിക്കൽ ഒരുജൂബിലിവർഷം അഥവാ വിശുദ്ധ വത്സരം കൊണ്ടാടുക ഇപ്പോൾ തിരുസഭയിൽ നടപ്പായിരിക്കയാണല്ലൊ. പ്രസ്തുത കൊല്ലത്തിൻെറ തലേയാണ്ടു സ്വർഗ്ഗാരോഹണത്തിരുനാൾ ദിവസത്തിൽ ഒരു പ്രത്യേക തിരുവെഴുത്തുവഴിയായി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇതു വിളംബരം ചെയ്കയാണു. തദനുസരണം കഴിഞ്ഞ മേ 29-ാംനു- പരിശുദ്ധ പിതാവ് ൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 1925-ാംവർഷം വിശുദ്ധ വത്സരമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. അതു് അനുതാപത്തിൻെറ ഒരു കാലമായിരിക്കണമെന്നാണു് അവിടുന്നു് തൻെറ തിരുവെഴുത്തിൽ പ്രധാനമായി ഉപദേശിക്കുന്നതു്.

മംഗളാശംസ.

എർണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമകാരണൻെറ തിരുനാൾ ഈ മാസം 28-ാംനു- വ്യാഴാഴ്ചയാകയാൽ 'കുസുമം' കൃതജ്ഞതാപുരസ്സരം അവിടത്തേക്കു മംഗളം ആശംസിച്ചുകൊള്ളുന്നു.

# പുനരൈക്യം.

(നി. വ. ദിവ്യശ്രീ വാഴപ്പിള്ളി മാർ പ്രംസീസ്സോസു മെത്രാനച്ചൻ തിരുമനസ്സിലെ കോൺഗ്രസ്സ് അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്.)

നമ്മളിൽനിന്നും വേർപെട്ടിരിക്കുന്ന സഹോദരന്മാരുടെ പുനരൈക്യമെന്ന പ്രമേയത്തെ പരീക്ഷണംചെയ്വാൻ കേരളീയ സുറിയാനിക്കാരുടെ കാനോനപ്രകാരമുള്ള ഹയരാർക്കി സ്ഥാപനം ഒരു ശുഭാവസരമാകുന്നു. സാമാന്യേന ഇവരെ യാക്കോബായക്കാരെന്നും സീസ്മക്കാരെന്നും രണ്ടു വിഭാഗങ്ങളായി തിരിക്കാം. നമ്മുടെ സഭാചരിത്രം പഠിച്ചിട്ടുള്ളവർക്കൊക്കെ അറിവുള്ള പ്രകാരം ഈ രണ്ടു വിഭാഗങ്ങളുടേയും പിരിവിനുള്ള മുഖ്യകാരണം വിശ്വാസ സത്യങ്ങളെപ്പററിയുള്ള ഒരു വിവാദമായിരുന്നില്ല, പിന്നെയൊ സ്വജാതിയിലുള്ള അദ്ധ്യക്ഷന്മാരാൽ ഭരിക്കപ്പെടുന്നതിനും ദേവാരാധനയിൽ ചിരകാലപ്രതിഷ്ഠിതമായിരുന്ന നമ്മുടെ സുറിയാനി ക്രമം പിൻതുടരുന്നതിനുള്ള നമ്മുടെ പൂർവ്വന്മാരുടെ അതിയായ ഉൽക്കണ്ഠയുമായിരുന്നു അതിന്റെ യഥാർത്ഥഹേതു. ഈ വേർപിരിവിന്റെ ഒരു ശോചനീയ ഫലമായി കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ എല്ലായിടത്തും കൃസ്തീയവർഗ്ഗങ്ങളിൽ ഭിന്നതയുടെയും തന്മൂലമുള്ള ബലഹീനതയുടേയും ദുർഭഗമായ അവസ്ഥ നാം ഇന്നും കണ്ടുവരുന്നു. ഈ കൃസ്തീയവർഗ്ഗങ്ങൾ എല്ലാം ഒരേ ഗണമായി യോജിച്ചു നിന്നിരുന്നെങ്കിൽ ഈ കേരളരാജ്യത്തു നാം എത്ര പ്രാബല്യവും അഭ്യുദയവുമുള്ള ഒരു സമുദായമാകുമായിരുന്നു! എന്നാൽ മലയാളത്തിൽ ഇപ്പോൾ സംപൂർണ്ണമായ ഒരു സ്വദേശീയ ഭരണ വ്യവസ്ഥയുടെ പ്രതിഷ്ഠയോടുകൂടെ മേൽപറഞ്ഞ ഭിന്നതകളുടെ മൂലകാരണം പൊയ്പ്പോയിരിക്കയാൽ എല്ലാ കൃസ്ത്യാനികളുടേയും ഗുണത്തിനുവേണ്ടി മലയാളത്തിലെ സകല കൃസ്ത്യാനികളുടേയും പുനരൈക്യം ഇനിയെങ്കിലും സാധിക്കുമാറു് അതിനുപയുക്തമായ മാർഗ്ഗങ്ങൾ നോക്കുവാൻ നമ്മൾ തമ്മിലുള്ള ഭിന്നതകളെ അനുകമ്പാന്വിതമായ മനോഭാവത്തോടുകൂടെ പരീക്ഷണം ചെയ്യുന്നതിന് അവസരോചിതമായും അത്യന്താപേക്ഷിതമായുമുള്ള ഒരവസരം വന്നിരിക്കുന്നു. കൃസ്ത്യാനികളുടെ ഇടയിലുള്ള ഐകമത്യരാഹിത്യത്തിൽ നിന്നുളവാകുന്ന ദോഷങ്ങളും അവയെ പരിഹരിപ്പാനുള്ള ആഗ്രഹവും ക്രൈസ്തവലോകത്തിൽ എല്ലായിടത്തും, വിശേഷിച്ച് ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റാണ്ട് ഉപഗണങ്ങളിലും പ്രത്യക്ഷമായി വരുന്നുണ്ട്. ആംഗ്ലിക്കന്മാരുംനോൺകൊൺഫോർമിസ്റ്റ് വർഗ്ഗക്കാരും തമ്മിൽ സംയോജനമുണ്ടാകുവാൻ ശ്രമങ്ങൾചെയ്തു വരികയാണ്. ആംഗ്ലിക്കന്മാർ വിശേഷിച്ചും ഹാലിഫാക്സ് പ്രഭുവിന്റെ നേതൃത്വത്തിൽ കത്തോലിക്കസഭയോടു സന്ധിക്കുള്ള ഏതാനും ആലോചനകൾ ഇയ്യിടെ ചെയ്തിരിക്കുന്നു. ഇവയിൽ ഏററവും അടുത്തകാലത്തേതു് കർദ്ദിനാൾ മേർസിയർ അവർകളുമായി മലീൻസ് എന്ന സ്ഥലത്തുവെച്ചുണ്ടായ ചിരകാലപ്രതീക്ഷിതമായിരുന്ന സംഭാഷണങ്ങൾ ആയിരുന്നു. കേരളീയരായ നാം അതുപോലെയുള്ള ഒരു ശ്രമം ഈ നാട്ടിൽ ആരംഭിക്കുന്നതായാൽ അതു ലോകമാസകലം പ്രത്യക്ഷമായിരിക്കുന്ന ഒരു ആഗ്രഹത്തിനും യോജിച്ച ഒരു പ്രവൃത്തിയായിരിക്കും. ഈ ഉദ്ദേശ്യം സാധിക്കുവാൻ നമ്മെ സഹായിക്കുന്നശക്തിമത്തായ ഉപകരണങ്ങളിൽ വെച്ച് ഏററവും ഫലപ്രദമായതു് അടുത്തകാലത്തു കോട്ടയത്തുവെച്ചു നടത്തിയതുപോലെയുള്ള യോഗങ്ങളായിരിക്കുമെന്ന് എനിക്കു തോന്നുന്നു. ഈ വക യോഗങ്ങളിൽ വിവാദമെന്ന ഉദ്ദേശ്യം ഉണ്ടായിരിക്കരുത്. പിന്നെയൊ നമ്മുടെ നിലയും വിശ്വാസങ്ങളും ശാസ്ത്രീയമായ വിധത്തിൽ വിവരിക്കയും വെ

ളിപ്പെടുത്തുകയും മാത്രമെ ചെയ്യേണ്ടതുള്ളൂ. ക്രൈസ്തവശാഖകൾ തമ്മിലുള്ള ഭിന്നതകൾ മിഥ്യാബോധങ്ങൾ ഹേതുവാലാണ് അധികമായി വന്നുകൂടീട്ടുള്ളത്. കുറേയൊക്കെ മുൻവിധികൾ നിമിത്തവും, അധികപക്ഷവും വിരുദ്ധളായ മാൎഗ്ഗങ്ങളിൽ കൂടിപ്പോകുന്ന മതസംബന്ധമായ ആചാരങ്ങളുടെയും നടപടികളുടെയും ഐതിഹാസികമായ പരിണാമത്താലും സംഭവിച്ചിട്ടുള്ളതാകുന്നു. ഈ സംഗതികളെല്ലാം പരസ്യയോഗങ്ങളിൽവെച്ചു സ്പഷ്ടീകരിക്കപ്പെടാവുന്നവയാണ്. കോട്ടയത്തെയോഗം വളരെ ഫലപ്രദമായിട്ടുണ്ട്, എന്നുതന്നെയല്ല കത്തോലിക്ക വിശ്വാസങ്ങളെ നിഷ്പക്ഷമായും സ്നേഹപൂൎവ്വമായും വിവരിക്കുന്നത് ശ്രദ്ധവെച്ചു കേൾക്കുന്നതിൽ അകത്തോലിക്കൎക്ക് വൈമനസ്യം ഇല്ലെന്നും തെളിഞ്ഞിരിക്കുന്നു. കേരളത്തിലെ ഏററവും വലിയ രണ്ടു ക്രൈസ്തവകേന്ദ്രസ്ഥാനങ്ങളും ഈ രൂപതയിൽ പെട്ടവയുമായ തൃശ്ശിവപേരൂർ, കുന്നംകുളം എന്നീ സ്ഥലങ്ങളിൽ ഈ വക യോഗങ്ങൾ കൂട്ടുന്നത് അത്യന്തം ആവശ്യമാണ്. കോൺഗ്രസ്സു വകയായ ഈ യോഗങ്ങൾക്കു ശേഷം എല്ലാ വകുപ്പുകളിലുമുള്ള ക്രിസ്ത്യാനികൾക്കു വന്നുകേൾക്കാവുന്ന വ്യപദേശങ്ങളായ ഏതാനും പ്രസംഗങ്ങൾ നടത്തുവാൻ സഭാപ്രവൎത്തകന്മാർ ഏൎപ്പാടുചെയ്യിട്ടുണ്ടെന്നു കാണുന്നതിനാൽ ഞാൻ സന്തോഷിക്കുന്നു. സത്യവും സ്നേഹവും നമ്മുടെ ഏകാഭിലാഷമായിരിക്കട്ടെ. അവയുടെ സഹജശക്തിനിമിത്തം നന്മനസ്സുള്ള എല്ലാവരുടെയും ഹൃദയത്തിൽ അവ പതിയാതിരിക്കയില്ല. "ഒരു തൊഴുത്തും ഒരു ഇടയനും ആയിരിക്കട്ടെ" എന്ന ക്രിസ്തുവിൻെറ പ്രാൎത്ഥന സഫലീഭവിക്കുന്ന ദിവസം കാണ്മാൻ നാം ജീവിച്ചിരിക്കുമാറാകട്ടെ!

## വേദപുസ്തക പാരായണം.

### ഒടുക്കത്തെ അത്താഴത്തിനുശേഷമുണ്ടായ സംഭാഷണം.

(തുടർച്ച.)

"ഞാൻ സത്യമായ മുന്തിരിവള്ളിയാകുന്നു; എൻെറ പിതാവു തോട്ടക്കാരനുമാകുന്നു. എന്നിൽ ഫലം തരാത്ത ശിഖരം ഒക്കെയും അദ്ദേഹം നീക്കിക്കളയും; ഫലംതരുന്ന ശിഖരം ഒക്കെയും അധികം ഫലം തരേണ്ടതിനായി അദ്ദേഹം ശുചീകരിക്കയും ചെയ്യും.

ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരായിരിക്കുന്നു. നിങ്ങൾ എന്നിൽ വസിപ്പിൻ; ഞാനും നിങ്ങളിൽ വസിക്കും. ശിഖരം മുന്തിരിവള്ളിയിൽ നില്ക്കാതെയിരുന്നാൽ, അതു തനിച്ചു ഫലം ചെയ്യാൻ കഴിയാത്തതുപോലെ, ഇപ്രകാരം നിങ്ങൾ എന്നിൽ വസിക്കാതെയിരുന്നാൽ നിങ്ങൾക്കും (ഫലം ചെയ്യാൻ) കഴികയില്ല.

ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളും ആകുന്നു. യാതൊരുത്തൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ അവൻ വളരെ ഫലം തരും; എന്തുകൊണ്ടെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴികയില്ല. യാതൊരുത്തൻ എന്നിൽ വസിക്കാതെയിരുന്നാൽ, അവൻ (ഫലമററ) ശിഖരംപോലെ പുറത്തു എറിയപ്പെട്ടു ഉണങ്ങിപ്പോകും; പിന്നെ അവർ അവനെ കെട്ടി അഗ്നിയിൽ ഇട്ടുകയും എരികയും ചെയ്യും.

നിങ്ങൾ എന്നിൽ വസിക്കയും എൻെറ വചനങ്ങൾ നിങ്ങളിൽ നിലനില്ക്കയും ചെയ്താൽ, നിങ്ങൾ ചോദിപ്പാൻ ഇച്ഛിക്കുന്നതു ഏതെങ്കിലും നിങ്ങൾക്കു ലഭിക്കും. നിങ്ങൾ വളരെ ഫലം തരികയും എൻെറ ശിഷ്യരായിത്തീരുകയും ചെയ്യുന്നതിൽ

എന്റെ പിതാവ് മഹത്വപ്പെടുന്നു. എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു; നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്പിൻ. ഞാൻ എന്റെ പിതാവിന്റെ കല്പനകളെ കാത്തുകൊണ്ടു അങ്ങേസ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങളും എന്റെ കല്പനകളെ കാക്കുമെങ്കിൽ, എന്റെ സ്നേഹത്തിൽ നിലനില്ക്കും.

എന്റെ സന്തോഷം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതിനും, നിങ്ങളുടെ സന്തോഷം പൂർണ്ണമാകേണ്ടതിനും ഞാൻ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു".

(വി. യോഹ. ൧൫. ൮. ൧൧.)

ഫാദർ അലക്സാണ്ടർ സി. ഡി.

## സ്കോട്ട്ലണ്ടിലേ പ്രധാന ധ്യാനാശ്രമം.

പാശ്ചാത്യരാജ്യങ്ങളിലേ കത്തോലിക്കർക്കു "മതത്തിൽ ഒരു പുതിയ പ്രതിപത്തിയും, ജീവിതത്തിൽ ഒരു പുതിയ ഭാഗ്യവും" നൽകുന്നതിനുള്ള സ്ഥാപനങ്ങളാണ് ധ്യാനാശ്രമങ്ങൾ. ഇവ ഏകദേശം മുപ്പതുകൊല്ലങ്ങൾക്കു മുമ്പു ഫ്രാൻസിൽ ഉത്ഭവിച്ച് ജർമ്മനി, ബൽജിയം, പോളണ്ടു് ആദിയായ രാജ്യങ്ങളിലേയ്ക്കു വ്യാപിച്ച് ഒടുവിൽ ഇംഗ്ലണ്ടു്, സ്കോട്ട്ലണ്ടു്, അയർലണ്ടു് എന്നീ ദേശങ്ങളിൽ വന്നെത്തുകയും ചെയ്തു.

ഇടവകതോറുമുള്ള ധ്യാനങ്ങളിൽ ചേരുന്നതിനു സൗകര്യമില്ലാത്തവർക്കും മതത്തെസംബന്ധിച്ചു വല്ല പ്രത്യേകപ്രയാസങ്ങൾ ഉള്ളവർക്കും, ജനബാഹുല്യമുള്ള വലിയ പട്ടണങ്ങൾ വിട്ടു ശാന്തമായ ഒരു സ്ഥലത്തു ചില നിയമങ്ങൾ അനുസരിച്ചു വിജ്ഞന്മാരും സുകൃതാത്മാക്കളുമായ വൈദികന്മാരുടെ കൂടെ താമസിച്ചു ആത്മനിയന്ത്രണം ചെയ്യണമെന്നു ആഗ്രഹമുള്ളവർക്കും, പ്രസ്തുത സ്ഥാപനങ്ങൾ ധാരാളം ഉപയോഗപ്പെടുമല്ലോ.

ധ്യാനാശ്രമങ്ങളുടെ ഉദ്ദേശ്യമെന്തെന്നു ഇത്രയുംകൊണ്ടു വെളിവാകുന്നു. ഇനി ധ്യാനത്തെക്കുറിച്ചു ഒരു വ്യാഖ്യാനം വേണമെന്നു വരുന്നപക്ഷം അതു ഏകാന്തവിചിന്തനം, മനസ്ഥിതിപരിശോധന, ആത്മപരിഷ്കരണം, ദുഷ്കൃത്യങ്ങളെ നിർമ്മൂലനം ചെയ്യുന്നതിനും സുകൃതങ്ങളിൽ വളരുന്നതിനുമായുള്ളയത്നം എന്നിങ്ങനെ പലവിധത്തിലാവാം.

സ്കോട്ട്ലണ്ടിലേ ധ്യാനാശ്രമങ്ങളിൽ പ്രാധാന്യമേറിയതു ഗ്ലാസ്ഗോസമീപം ബോത്ത്വെൽ എന്ന സ്ഥലത്ത് ക്ലൈഡ്നദിയുടെ തീരത്തിൽ സ്ഥിതിചെയ്യുന്നു. ക്രെയിഗ്ഹെഡ് ഹൌസ് (Craighead House) എന്നാണ് ഇതിന്റെ പേർ. ജനസഞ്ചാരമുള്ള പാതകളിൽനിന്നു കുറെ ദൂരെയായി നിൽക്കുന്ന മഹനീയമായ ഒരു മൂന്നുനിലമേട. മേടയ്ക്കു ചുറ്റും ചെറിയ പൂന്തോട്ടങ്ങൾ. മുൻഭാഗത്തു നീണ്ടു നിവിന്നു കിടക്കുന്ന ഒരു മൈതാനം. പിന്നിൽ അത്യഗാധവും, പ്രശാന്തഗംഭീരവുമായ ക്ലൈഡ്നദി. നദീതീരത്തേയ്ക്കുള്ള വലിയ ചരിവിൽ തിങ്ങിവളരുന്ന വൃക്ഷങ്ങളുടേയും കണ്ടാൽ കുളിർമതോന്നുന്ന ചെടികളുടേയും ഇടയിൽക്കൂടി ധാരാളം വഴികൾ വളഞ്ഞുപുളഞ്ഞു കിടക്കുന്നുണ്ടു്. ജനസഞ്ചാരം തീരെ ഇല്ലാത്ത ഈ ചരിവിൽ ചുറ്റിനടന്നു ഏതൊരുവനും ഏകാന്തത്തിന്റെ ഭാഗ്യം അനുഭവിക്കുന്നതിനും, ചില പാറക്കൂട്ടങ്ങളുടെ ഉള്ളിൽനിന്നും പ്രകാശിക്കുന്ന ദൈവമാതാവിന്റെയും മറ്റും സ്വരൂപങ്ങൾ കണ്ടു ആനന്ദിക്കുന്നതിനും, വിശിഷ്യമിശിഹായുടെ മരണവ്യാകുലതകളെക്കുറിച്ചുള്ള ഓർമ്മയ്ക്കായി പതിന്നാലുസ്ഥലങ്ങ

ളിൽ നാട്ടിനിറുത്തിയിട്ടുള്ള കുരിശുകൾ കണ്ടു ധ്യാനിയ്ക്കുന്നതിനും വേണ്ട സൌകര്യമുണ്ട്.

ഭാഗ്യാത്മാക്കൾ ഇവിടെ അനുഭവിക്കുന്ന നിശ്ശബ്ദതയേ ഭേദിയ്ക്കുന്നതിനു പക്ഷിമൃഗാദികൾപോലും തുനിയുന്നില്ല. നീർക്കോഴികൾ വെള്ളംഅനങ്ങാതെ ആററിൽ മുഴഞ്ഞു കളിക്കുന്നു. എതിർകരയിൽ മേയുന്ന പശുക്കളുടെ ക്രമവും, ശാന്തതയും വിസ്മയനീയം! പക്ഷികൾ ചിറകുനന്നായി വിടുത്തി വളരെ സാവധാനത്തിൽ പറക്കുന്നു. ഇങ്ങനെ ആകെക്കൂടി നോക്കുന്നപക്ഷം ഈ സ്ഥലം വെള്ളത്തിലും കരയിലും ആകാശത്തിലുമുള്ള നിശ്ശബ്ദതകൊണ്ട് മനസ്സിനെന്നു മാത്രമല്ല, പ്രകൃതിയുടെ രാമണീയതപവും വായുവിന്റെ നൈർമ്മല്യവും കൊണ്ടു ശരീരത്തിനും വളരെ വിശ്രമം നൽകുന്നുണ്ടെന്നു പറയാം. വാസ്തവത്തിൽ ശരീര സ്വസ്ഥത മനസുഖത്തിനുള്ള ഒരു മാർഗ്ഗമാണല്ലോ.

ആശ്രമത്തിൽ അമ്പതുപേർക്കു താമസിക്കുന്നതിനു സൌകര്യമുണ്ട്. ഇതിന്റെ ഭാരവാഹികളും ഇവിടെ സ്ഥിരവാസികളുമായി ഈശോസഭയിലേ രണ്ടു വൈദികന്മാരും ഒരു സഹോദരനുമേയുള്ളൂ. പക്ഷേ ചില പ്രത്യേകാവസരങ്ങളിൽ വേറേ വൈദികന്മാർ വന്നു ഇവരേ സഹായിക്കുക പതിവാണ്. ഇവിടെ ഒരു ചെറിയ ദേവാലയവും ഒരു കത്തോലിക്കാ വായനശാലയുമുണ്ട്. ദേവാലയം സ്ഫടികമയങ്ങളായവാതായനങ്ങൾകൊണ്ടും, വിചിത്രങ്ങളായ ചിത്രങ്ങൾകൊണ്ടും ശോഭിക്കുന്നു. വായനശാലയിൽ പ്രാചീനങ്ങളും സുപ്രസിദ്ധങ്ങളുമായ കത്തോലിക്കാ ഗ്രന്ഥങ്ങൾ കൂടാതെ, അകത്തോലിക്കരുടെ ആക്ഷേപങ്ങളേ ഖണ്ഡിച്ചു ലണ്ടൻ, ഡബ്ളിൻ എന്നീ പട്ടണങ്ങളിൽ നിന്നു 'കത്തോലിക്കാ തത്വസമാജത്തിന്റെ (Catholic Truth Society) ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സകല പുസ്തകങ്ങളുമുണ്ട്. വൈദികന്മാരും, വിജ്ഞന്മാരായ മഹാജനങ്ങളും എഴുതീട്ടുള്ള ഈ പുസ്തകങ്ങളുടെ ഭാഷയും രീതിയും നോക്കുമ്പോൾ ഇവ മതഗ്രന്ഥങ്ങൾഎന്നു മാത്രമല്ല, ആംഗ്ലേയസാഹിത്യത്തിലേ വിശിഷ്ട കൃതികൾ എന്നുകൂടി പറയുന്നതിനു വിഷമമില്ല. വാസ്തവത്തിൽ മതവും സാഹിത്യവും തമ്മിൽ വൈപരീത്യമില്ലല്ലോ. മതം സാഹിത്യത്തിനു പ്രകാശവും, സാഹിത്യം മതത്തിനു പ്രചാരവും നൽകുന്നു. ധ്യാനാശ്രമങ്ങളിൽ എന്നു മാത്രമല്ല, എല്ലാ ഇടവകകളിലും യുവജനസംഘങ്ങളിലും കത്തോലിക്കാ ഭവനങ്ങളിലും ഇതുപോലെയുള്ള ഒരു വായനശാല അപൂർണ്ണമായെങ്കിലും വേണ്ടതാണ്.

മേൽ പ്രസ്താവിച്ച വായനശാലയിലേ ഗ്രന്ഥങ്ങൾകൊണ്ടു ഒരുവനു മതസംബന്ധമായി വേണ്ട അറിവുലഭിയ്ക്കുന്നില്ലെന്നു വരുന്നപക്ഷം, അതിന്റെ പോരായ്മ നികത്തുന്നതിനു സാമർത്ഥ്യമുള്ള വൈദികന്മാർ ആശ്രമത്തിൽ ഉണ്ട്. ഇവിടെ എല്ലാ ശനിയാഴ്ചയും, സന്ധ്യാ സമയത്തു ഏതെങ്കിലും ഒരു ഇടവകയിൽനിന്നു ഇരുപതോ മുപ്പതോപേർ അടങ്ങിയ ഒരു സംഘം മുടങ്ങാതെ വന്നുചേരുന്നു. ഒരു രാത്രിയും ഒരു പകലും ഇവർ ധ്യാനിയ്ക്കുന്നു. ഇങ്ങനെ ആഴ്ചയുടെ അവസാനത്തിൽ സംഘം ചേർന്നു വരുന്നതു സാമാന്യം വേലക്കാരാണ്. ആണ്ടിൽ രണ്ടോ മൂന്നോ പ്രാവശ്യം അവരവരുടെ ക്രമം പോലെ വന്നുധ്യാനിയ്ക്കുന്നതിനു സംഘക്കാർക്കു സൌകര്യമുണ്ട്.

ഇതുകൂടാതെ ഇടദിവസങ്ങളിൽ ഉദ്യോഗസ്ഥന്മാർ, ജന്മികൾ ആദിയായവരും സാമാന്യേന വൈദികന്മാരും മുടങ്ങാതെ വന്നുചേരുന്നു. ഈസ്റ്റർ, ക്രിസ്തുമസ്സ് എന്നീ അവധിക്കാലങ്ങളിൽ ആശ്രമത്തിലേ നിവാസികൾ അധികവും ഗ്ലാസ്ഗോ, ഓക്സ്ഫോർഡ്, എഡിൻബറോ മുതലായ സർവ്വകലാശാലകളിലേ വിദ്യാർത്ഥികളാണ്.

ഇവിടത്തേ പ്രധാന ധ്യാനഗുരു ബ. ചാൻഡ്ലരി അച്ചൻ (Rev. Fr. Chandlery) ആണ്. ഈപുണ്യാത്മാവിനു ഇപ്പോൾ എഴുപത്തിഎട്ടുവയസ്സു പ്രായമുണ്ട്. ലത്തീൻ, ഗ്രീക്ക് ആദിയായഭാഷകളിൽ നല്ല പാടവമുള്ള ഇ

ദ്ദേഹത്തിൻെറ സംസാരമാധുൎയ്യവും, വാക് ചാതുൎയ്യവും അവൎണ്ണനീയം തന്നെ. പ്രായാധിക്യത്താൽ കുറേ വിളൎച്ച തട്ടിയിട്ടുണ്ടെങ്കിലും ആ മുഖത്തു സദാലസിക്കുന്ന പ്രസന്നതകൊണ്ടും, ഓരോരുത്തരുടേയും പ്രത്യേകമായ ആത്മീയാവകാശങ്ങളെ മനസ്സിലാക്കി അതനുസരിച്ചു അവരെ നിയന്ത്രിക്കുന്നതിനുള്ള അസാധാരണ സാമൎത്ഥ്യംകൊണ്ടും, വിശിഷ്യ സ്വന്തം സുകൃതജീവിതം കൊണ്ടും ഇദ്ദേഹം അനവധി ആളുകളെ ആശ്രമത്തിലേക്കു ആകൎഷിക്കുന്നുണ്ടെന്നു പറയാം.

ധ്യാനവിഷയങ്ങളേക്കുറിച്ചു ഒന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ല. അവ സകല കത്തോലിക്കൎക്കും പൊതുവായുള്ളതാണല്ലോ. ഓരോ സംഘക്കാരേയും അവരുടെ സ്ഥിതിക്കനുസരിച്ചു പരിഗണിക്കുന്നുണ്ടെന്നു മാത്രം ഇവിടെ ഒരു വിശേഷം ഉണ്ടു്. വിദ്യാൎത്ഥികളേ അവരുടെ പ്രായത്തിനും അറിവിനും അനുസരിച്ചും, മത സംബന്ധമായോ, ശാസ്ത്രീയമായോ അവൎക്കുള്ള വല്ല തെററായ ധാരണകളേയും പ്രയാസങ്ങളേയും പരിഹരിക്കത്തക്ക വിധത്തിലും നിയന്ത്രണം ചെയ്യുന്നു.

ഇവിടെ ഒരു പ്രാവശ്യമെങ്കിലും വന്നുതാമസിച്ചിട്ടുള്ള ഏതൊരുവനും കത്തോലിക്കാ മതത്തേക്കുറിച്ചു വളരെ അഭിമാനത്തോടുകൂടെയാണു തിരിച്ചു പോകുന്നതു്. ഈ ആശ്രമ ഭാരവാഹികളുടെ പരിശ്രമത്താൽ സ്കോട്ട്ലണ്ടിലേ കത്തോലിക്കു സമുദായം വളരെ വേഗത്തിൽ ഉയൎന്നു അതിൻെറ സുകൃതംകൊണ്ടും മതത്തേക്കുറിച്ചുള്ള ശരിയായ അഭിമാനംകൊണ്ടും ഇതരമതസ്ഥരുടെ പ്രശംസക്കും ആനുകൂല്യത്തിനും പാത്രീഭവിക്കുമെന്നു വിചാരിക്കാം.

എൻ. എക്സ്. മാത്യു ബീ. ഏ.
എഡിൻബറോ.

# ദിവസം അടുത്തിരിക്കുന്നു.

(ഗാഥ)
(ഇംഗ്ലീഷിൽ നിന്നു്)

I.

സാധുവും താന്തനുമായപാന്ഥാ! നിങ്ങൾ
ധൈൎയ്യമായ് യാത്ര തുടൎന്നുകൊൾക.
കാരണം ചൊല്ലാം പ്രഭാതമാസന്നമായ്
മഞ്ജുള ശോഭാവിലാസരംഗം.
ക്ഷീണം നിനക്കേററമുള്ളതു വാസ്തവ-
മെന്നാലകലത്തു കണ്ടീടുന്ന
കാന്തിക്കൂട്ടം കിരണങ്ങൾ പരംതെളി-
വേന്തിവരുന്നൊന്നു നോക്കിയാലും.
ഖേദം കുറച്ചുകൂടിസ്സഹിച്ചീടുക
ജോലികളാൽ പീഡിതനെങ്കിലും;
നിദ്രതളൎച്ച യിവയ്ക്കധീനപ്പെടാ-
തല്പമിരിക്കുകാശ്വാസമുണ്ടാം.

II.

ജീവിതത്തിൻെറ നിശാസങ്കടകര-
മാകിലുമായിവിഭാതംകാൺക.
ഭൂമിയുടെ നിഴലിച്ചുള്ള കാഴ്ചക-
ളല്പ നേരംകൊണ്ടു മാഞ്ഞുപോകും.
ആയതു കൊണ്ടു ഭയത്തെ വെടിയുക
വേഗം മലമുകൾ പ്രാപിച്ചിടാം.
സന്തോഷവും സമാധാനവും പ്രോല്ലസി-
ക്കുന്നൊരു ലോകേവിളംബമെന്യേ
ചെന്നെത്താം തെല്ലുമസഹിഷ്ണുതപെടാ-
തുന്നമ്രമോദേന പോക! പോക!!

മുകളേൽ ജോസഫ് വാദ്ധ്യാർ.

# ഹന്നാൻ വെള്ളം.

II.

ആശീർവദിക്കപ്പെട്ട ഉപ്പും വെള്ളവും കൂട്ടികലത്തിയാണല്ലൊ നമ്മുടെ ഹന്നാൻവെള്ളം ഉണ്ടാക്കുന്നതു്. ആദാമിൻെറ അധഃപതനം നിമിത്തം സൃഷ്ടവസ്തുക്കൾ മുഴുവനും സാത്താൻെറ അധീനതയിൽവന്നു. അചേതനങ്ങൾ പോലും അവനു അടിമപ്പെട്ടുപോയി. എന്നാൽ തിരുസ്സഭ ഏല്പെട്ടുത്തിയിരിക്കുന്ന പ്രാർത്ഥനകൾമൂലം അധികാരമുള്ളവർ അവയെ ആശീർവദിക്കുമ്പോൾ സാത്താൻെറ പിടിയിൽനിന്നും അവയ്ക്കു മോചനം ലഭിക്കുന്നു. ഇപ്രകാരമുള്ള ആശീർവാദകമ്മത്തിൽ തിരുസ്സഭ ഉപയോഗിക്കുന്ന പ്രാത്ഥനകളുടെ അലൌകികശക്തിയിലും മഹത്വത്തിലും താൻ എത്രയും അത്ഭുതപ്പെടുന്നതായി സുപ്രസിദ്ധനായ കർദ്ദിനാൾ വൈസ്മാൻ എഴുതിയിരിക്കുന്നു.

ഉപ്പു് ആശീർവദിക്കുമ്പോൾ അതിനെസംബോധനം ചെയ്തുകൊണ്ടു് പട്ടക്കാരൻ തിരുസ്സഭയുടെ നാമത്തിലും അധികാരത്തിലും ചൊല്ലുന്നതിൻെറ സാരം ഇപ്രകാരമാണു്. "സജീവദൈവത്തിലും സത്യദൈവത്തിലും പരിശുദ്ധദൈവത്തിലും വെള്ളത്തിൻെറ ഫലമില്ലായ്മയെ പരിഹരിക്കുന്നതിനായി നിന്നെ വെള്ളത്തിൽ ഇടുന്നതിനു എലിസേവൂസ് പ്രവാചകൻവഴിയായി കല്പിച്ച * ദൈവത്തിലും, അല്ലയോ സൃഷ്ടിയായ ഉപ്പേ, പിശാചിൻെറ പിടിയിൽനിന്നും നിന്നെഞാൻ അകററുന്നു. വിശ്വാസികളുടെ രക്ഷയ്ക്കു നീ ശക്തിയുള്ളതായി തീരുക. നിന്നെ സ്വീകരിക്കുന്നവക്കു ആത്മാവിൻെറയും ശരീരത്തിൻെറയും സുഖത്തിനു നീ ഉതകുമാറാകട്ടെ. നിന്നെ ഏടുത്തു തളിക്കുന്ന സ്ഥലത്തു നിന്നും സാത്താൻെറ സകല തന്ത്രങ്ങളും ജീവനുള്ളവരേയും മരിച്ചവരേയും യുഗത്തേയും വിധിപ്പാൻ വരുമെന്നുള്ളവനോടു സത്യം ചെയ്തുകൊണ്ടു എല്ലാ ദുഷ്ടാത്മപികളും ഒഴിഞ്ഞുപോകട്ടെ" ഇപ്രകാരം ആശീർവ്വദിച്ച ശേഷം ഒരു പ്രാത്ഥനകൂടി ഉപ്പിൻെറ മേൽ തനിച്ചു ചൊല്ലുന്നു. അനന്തരം ഏകദേശം ഇതേ രീതിയിൽ തന്നെ വെള്ളവും ആശീർവ്വദിക്കയും പ്രാത്ഥിക്കയും ചെയ്തശേഷം "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മപിയുടെയും നാമത്തിൽ (ഈ ആശീർവ്വദിക്കപ്പെട്ട) വെള്ളവും ഉപ്പും ശരിയായി സംയോജിക്കട്ടെ" എന്നു ചൊല്ലിവെള്ളത്തിൽ ഉപ്പിടുകയും വീണ്ടും ഒരു പ്രാർത്ഥനകൂടി കഴിക്കയും ചെയ്യുന്നു.

ഈ പരിശുദ്ധജലം നാം ഭക്തിപൂർവ്വം ഉപയോഗിക്കുന്നെങ്കിൽ ദൈവാനുഗ്രഹം ലഭിക്കുന്നതിനു അതു ഒരുത്തമമായ മാർഗ്ഗമാണു്. തിരുസഭ നിശ്ചയിച്ചു സ്വീകരിച്ചിരിക്കുന്ന പ്രാത്ഥനയുടെ ശക്തിയാണു ഇതിനു കാരണമായിരിക്കുന്നതും. അതല്ലാതെ വെള്ളത്തിനു സ്വാഭാവികമായുള്ള യോഗ്യതമൂലമല്ല നമുക്കു വരപ്രസാദലബ്ധിയുണ്ടാകുന്നതെന്നും പ്രത്യേകം സ്മരണീയമാണു്. ഈ വെള്ളം തൊട്ടു നാം കുരിശു വരയ്ക്കയും * മററും ചെയ്യുമ്പോൾ

* മഹാപ്രവാചകനായ ഏലിയാസിൻെറ ആരോഹണശേഷം തൻെറ പ്രിയപ്പെട്ട ശിഷ്യനായ എലിസേവൂസ് അൽഭുതകരമായ വിധം യോർദാൻ നദിയിലെ വെള്ളം ഭാഗിച്ചു മറുകരെ കടന്നു ജെറിക്കോ എന്ന സ്ഥലത്തുവന്നു. അവിടത്തെ വെള്ളം വളരെ മോശമാണെന്നും മററും ഇദ്ദേഹം അറിഞ്ഞപ്പോൾ തൻെറ ആജ്ഞാപ്രകാരം കൊണ്ടുവന്ന ഉപ്പു താൻതന്നെ ഉറവയിൽ ഇടുകയും ഇങ്ങനെ വെള്ളം ശുദ്ധീകൃതമാകയും ചെയ്തു. ഈ വിവരം പഴയ നിയമം രാജാക്കന്മാരുടെ നാലാം പുസ്തകം രണ്ടാം അദ്ധ്യായത്തിലുണ്ടു്.

* "കുരിശു വരയ്ക്കൽ" സാധാരണ മൂന്നു വിധത്തിലാണു്. "ശുദ്ധമാനസ്ലീവായുടെ അടയാളത്താലെ. . . ." എന്നു തുടങ്ങി നെററിയിലും ചുണ്ടിലും നെഞ്ചിലും മൂന്നു കുരിശു വരച്ചു് "ബാവായുടെയും. . . . നാമത്താലെ ആമ്മേൻ" എന്നു പറയുന്നതോടുകൂടി നെററി

നമുക്കു നിർമ്മല വിശ്വാസവും പാപങ്ങളെപ്പററിയുള്ള അനുതാപവും പരോക്ഷമായ സ്ഥിതിയിലെങ്കിലും ഉണ്ടായിരിക്കണം. അപ്പസ്തോലികകാലം മുതൽ തന്നെ തിരുസ്സഭയിൽ ഈ വിശുദ്ധ ജലത്തിന്റെ— ഹനാൻവെള്ളത്തിന്റെ—ഉപയോഗം ഉള്ളതായി നാം ഉപദേശിക്കപ്പെടുന്നു. എന്നാൽ ഒൻപതാംനൂററാണ്ടിനു മുൻപു് ഇപ്പോൾ ചെയ്യുന്നതുപോലെ പട്ടക്കാർ ജനങ്ങളെ ഹനാൻവെള്ളം കൊണ്ടു തളിച്ചിരുന്നതായി തക്ക ലക്ഷ്യങ്ങൾ മൂലം വെളിപ്പെടുന്നില്ല.

ഹനാൻവെള്ളം ദേവാലയങ്ങളിൽ മാത്രമല്ല മുമ്പൊക്കെ ഉപയോഗിച്ചിരുന്നതു്. മിക്ക ക്രിസ്തീയഭവനങ്ങളിലും ഉണ്ടായിരുന്നു. പ്രധാനപ്പെട്ട ഒരു മുറിയിലെങ്കിലും ചില തിരുപ്പടങ്ങളും ഭിത്തിയിൽ ഒരു ഹനാൻ കല്ലും (ഈ വെള്ളം സൂക്ഷിക്കുന്നതിനുള്ള ഒരു പാത്രം) കാണപ്പെടുക മുമ്പിലത്തെ സാധാരണ പതിവാണു്. എന്നു മാത്രമല്ല വൈകുന്നേരം കുടുംബത്തിലെ എല്ലാ അംഗങ്ങളും ഈ മുറിയിൽകൂടി ഹനാൻവെള്ളം തൊട്ടു കുരിശു വരയ്ക്കുകയും, തങ്ങളുടെ പതിവുള്ള പ്രാർത്ഥന നമസ്കാരങ്ങൾ കൂട്ടമായി കഴിക്കയും ചെയ്തിരുന്നു. ഇപ്പോഴും അപൂർവ്വം ചില കുടുംബങ്ങളിൽ ഇങ്ങനെയുണ്ടെന്നുള്ളതിനെ വിസ്മരിക്കുന്നില്ല. പക്ഷെ മതകാര്യങ്ങളിലും ഭക്തിയുള്ള ചടങ്ങുകളിലും ഇക്കാലത്തു ജനങ്ങൾക്കുള്ള അനാസ്ഥയുടെ ഒരു ഭാഗം ഇതിലും പ്രത്യക്ഷപ്പെടുന്നുണ്ടെന്നു വ്യസനപൂർവ്വം പ്രസ്താവിക്കാതെ നിവൃത്തിയില്ല. കത്തോലിക്കാ വീടുകളുടെ പ്രധാനപ്പെട്ട സ്ഥലത്തും മുറികളിലും തിരുപ്പടങ്ങൾക്കു പകരം സന്ദർശകന്മാരെ ആകർഷിക്കുന്നതിനു ചില കച്ചവടക്കടകളിലെപോലെ വിവിധ രീതിയിൽ അലംകൃതങ്ങളായ വികൃതരൂപങ്ങളെ കാണുന്നെങ്കിൽ എത്രയും ലജ്ജാവഹം തന്നെ. ഹനാൻവെള്ളം സൂക്ഷിച്ചു് അതിനെ ഭക്തിപൂർവ്വം ഉപയോഗിച്ചുവരുന്ന കുടുംബങ്ങൾ എത്രയുണ്ടായിരിക്കുമോ! സുഗന്ധതൈലത്തിന്റെ ഒരു കുപ്പിയെങ്കിലും (കാരണവന്മാരെ അറിയിക്കാതെ ആയാലും) കാണപ്പെടാത്ത കുടുംബങ്ങളും ഒരു പക്ഷെ ഇപ്പോൾ ചുരുക്കമായിരിക്കാം.

പ്രാർത്ഥനകൾക്കു മുമ്പും പിമ്പും മാത്രമല്ല ശയനസമയത്തും എഴുന്നേൽക്കുമ്പോഴും യാത്രക്കു പുറപ്പെടുമ്പോഴും വരുമ്പോഴും എന്നല്ല നിവൃത്തിയുള്ള എല്ലാ സമയത്തും ഹനാൻവെള്ളം തൊട്ടു കുരിശുവരയ്ക്കുയോ അഥവാ നമ്മിൽ തളിക്കയോ ചെയ്യുന്ന മുറ എത്രയും അ

---

ക്കു മുകളിലും നെഞ്ചിനു താഴെയും ഇരുതോളുകളിലും തൊട്ടു കൈകൾ കൂട്ടി അവസാനിപ്പിക്കുന്നതാണു ഒന്നാമത്തേതു്. രണ്ടാമത്തേതു "ബാവായുടെയും . . . . നാമത്താലെ ആമ്മേൻ" എന്നു ചൊല്ലി മുൻപറഞ്ഞ വിധം അവസാനിപ്പിക്കുന്നു. "കൈകൾ കൂട്ടുക" എന്നതു പലരും ഒരു പക്ഷെ പ്രവൃത്തിയിൽ വരുത്തുന്നില്ലായിരിക്കാം. വൈദികന്മാർ പ്രസംഗം ചെയ്യുന്നതിനും ദിവ്യപൂജ സമർപ്പിക്കുന്നതിനും മററും ആരംഭിക്കുമ്പോൾ ഈ വിധമാണല്ലൊ കുരിശു വരയ്ക്കാറു്. എന്നാൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മാത്രമല്ല ക്രിസ്ത്യാനികളുടെ എല്ലാ പ്രവൃത്തികൾക്കും മുമ്പായി കുരിശുവരക്കുക എന്ന സൂത്രാർത്ഥമായ നടപ്പ് ആധുനികപരിഷ്കാരം മുത്തിട്ടില്ലാത്ത നമ്മുടെ ചില പൂജ്യന്മാരായ വയസ്സന്മാരിൽ നിന്നും നമുക്കു ഇപ്പോഴും കുറെയൊക്കെയെങ്കിലും മനസ്സിലാക്കാവുന്നതാണു്. നെററിയിൽമാത്രം കുരിശുവരയ്ക്കുയാണു മൂന്നാമത്തെ വിധം. മൂന്നാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു മഹാശാസ്ത്രജ്ഞനായ തെർത്തുല്യൻ ഇപ്രകാരം പറയുന്നു: "നാം (മുറിയുടെ) അകത്തേയ്ക്കു പ്രവേശിക്കുമ്പോഴും പുറത്തേയ്ക്കു് ഇറങ്ങുമ്പോഴും വസ്ത്രം ധരിക്കുമ്പോഴും ചെരിപ്പിടുമ്പോഴും കുളിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും വിളക്കു വയ്ക്കുമ്പോഴും കിടക്കുമ്പോഴും ഇരിക്കുമ്പോഴും എന്നല്ല നാം എന്തുതന്നെ ചെയ്യുയാണെങ്കിലും അപ്പൊഴൊക്കെയും നമ്മുടെ നെററിയിൽ കുരിശടയാളം നാം വരയ്ക്കുന്നു". തിരുസഭയുടെ നാമത്തിലുള്ള ആശീർവാദങ്ങൾ എല്ലാം കുരിശടയാളത്താലാണല്ലൊ. മേൽപറഞ്ഞ ഏതെങ്കിലും വിധത്തിലെങ്കിലും ഹനാൻവെള്ളം തൊട്ടു നമുക്കു കുരിശു വരയ്ക്കാവുന്നതാകുന്നു. എളുപ്പമായതു മൂന്നാമത്തെ വിധമാണല്ലൊ.

ധരണീയമായിട്ടുള്ളതാകുന്നു. ഹന്നാൻ വെള്ളത്തിന്റെ ഒരു ചെറിയ തുള്ളി പീരങ്കി ഉണ്ടയെക്കാളും പിശാചു ഭയപ്പെടുന്നതാണ്. ഇതു തളിക്കപ്പെടുന്ന സ്ഥലത്തു നിന്നും ആളുകളിൽ നിന്നും പിശാചു ഓടി മാറാതെ നിവൃത്തിയില്ല. തന്മൂലമാണു മരണാസന്നരായിരിക്കുന്നവരിൽ കൂടെക്കൂടെ ഹന്നാൻവെള്ളം തളിക്കുന്നതു്. ഭക്തിപൂൎവ്വം ഈ വെള്ളം ഉപയോഗിക്കുന്ന ഓരോ സമയത്തും നൂറു ദിവസത്തെ ദണ്ഡവിമോചനം തിരുസഭയിൽ നിന്നും കല്പിച്ചു നൽകിയിരിക്കുന്നു. അതുകൊണ്ടു നിവൃത്തിയുള്ളവരെല്ലാവരും ഇതു ഉപയോഗിച്ചുകൊണ്ടിരിക്കണമെന്നും കുടുംബത്തിനു സമാധാനവും അഭിവൃദ്ധിയും ദൈവത്തിന്റെ അനുഗ്രഹവും ഉണ്ടാകുന്നതിനു ഇതേററം പൎയ്യാപ്തമായ ഒരു മാൎഗ്ഗമാണെന്നും സസ്നേഹം വായനക്കാരോടു ഉപദേശിച്ചുകൊള്ളട്ടെ.

ഏണേക്കാട്ടു യൌസേപ്പു കത്തനാർ.

## 'വീരമാമുനി',

(തുടൎച്ച.)

മേൽപ്രകാരം വേണ്ട ജനസ്വാധീനം കരസ്ഥമാക്കിയതിനോടുകൂടി ഫാദർ ഡിനോബിലി ഉദ്ദിഷ്ടകാൎയ്യസാദ്ധ്യത്തിനുള്ള ശ്രമങ്ങൾ തുടങ്ങി. തന്നെ സന്ദൎശിക്കുവാൻ വരുന്നവരെ മാനസാന്തരപ്പെടുത്തുന്നതിനു് മാത്രമേ ആദ്യം ശ്രമിച്ചുള്ളു. ഇതു് തന്നെ അത്ര എളുപ്പമായിരുന്നില്ല. ഇവരുമായി മതസംബന്ധമായ പലവാദപ്രതിവാദങ്ങൾ നടത്തേണ്ടതായിട്ടുണ്ടായിരുന്നു. ഏവംവിധമായ തൎക്കവാദങ്ങളിൽ അദ്ദേഹം അന്യാദൃശമായ അനുകമ്പയും സമഭാവനയും പ്രദൎശിപ്പിച്ചുകൊണ്ടിരുന്നു. അവരുടെ മുപ്പത്തുമുക്കോടി ദേവന്മാരെയോ, ചില ദേവന്മാരുടെ പതിനാറായിരത്തെട്ടു ഭാൎയ്യമാരേയോ പററി യാതൊരു വക അധിക്ഷേപവും അദ്ദേഹം ചെയ്തിരുന്നില്ല. അതുകൊണ്ടൊന്നും ഉദ്ദേശസാദ്ധ്യം ഉണ്ടാകുന്നതല്ലെന്നു നമ്മുടെ വീരമാമുനി പൂൎണ്ണമായി ഗ്രഹിച്ചിരുന്നു. ഏറെത്താമസിയാതെ ഹൈന്ദവമതത്തിൽ അനിതരസാധാരണമായ പാണ്ഡിത്യം ലഭിച്ചിരുന്ന ഒരു ഗുരുവരനേ ക്രൈസ്തവമതത്തിൽ ചേൎക്കുന്നതിനുള്ള ഭാഗ്യം നമ്മുടെ കഥാനായകനുണ്ടായി. ഇരുപതു് ദിവസങ്ങളോളം മതസംബന്ധമായ ഉഗ്രവാദപ്രതിവാദങ്ങൾ നടത്തിയതിന്റെ ശേഷംമാത്രമാണു് ഇതു് സാധിച്ചതു്. ഇതിനെത്തുടൎന്നു് ൧൬൦൭-ൽ പതിന്നാലും, ൧൬൦൯-ൽ അറുപതും ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തുവാൻ സാധിച്ചു. ൧൬൧൦-ൽ മിഷ്യൻ സന്ദൎശിച്ച ഫാദർ പ്രൊവിൻഷ്യൽ, ഫാദർ ജനറൽ അവർകൾക്കു അയച്ച റിപ്പോൎട്ടിൽ ഇവരുടെ നിഷ്കളങ്കമായ ഈശ്വരഭക്തി, സ്ഥിരവിശ്വാസം ഇതുകളെപ്പററി അത്യന്തം ശ്ലാഘിക്കയുണ്ടായി. ഇവരുടെ മാതൃകാജീവിതം ഇതര ഹൈന്ദവസഹോദരങ്ങൾക്കു് ഏററവും പ്രയോജനകരമായ ഒരു പാഠമായിട്ടാണു പരിണമിച്ചതു്. വീരമാമുനിയുടെ അഥവാ ഫാദർ ഡിനോബിലിയുടെ പരിശ്രമങ്ങളെ ദൈവം പ്രത്യക്ഷമായിട്ടും സഹായിക്കാതിരുന്നില്ല. ക്രിസ്തീയമതാനുസാരികളെ സ്വമതത്തിൽ സ്ഥിരപ്പെടുത്തുന്നതിനും ക്രിസ്ത്യേതരന്മാരെ ആകൎഷിക്കേണ്ടതിലേക്കുമായി ഭയങ്കരരോഗശാന്തി, നഷ്ടസാധന ലബ്ധി, എന്നീത്തരത്തിലുള്ള ഏതാനും അത്ഭുതസംഭവങ്ങൾ അടിക്കടി അദ്ദേഹംവഴി നടന്നുകൊണ്ടിരുന്നു. ഒരു ശരിയായ അത്ഭുതമെന്നു പറവാനില്ലെങ്കിലുംഅവിടങ്ങളിലെ ജനാവലിയുടെ ഇടയിൽ അഭ്രുതപൂൎവ്വമായ ഉണൎച്ചയ്ക്കു ഹേതുവായിത്തീൎന്ന ഒരു സംഭവം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. മധുര മുതലായ പാണ്ടിരാജ്യങ്ങളിൽ വത്സരാരംഭ

ത്തിൽ ജനങ്ങൾ 'പൊങ്ങൽ' എന്ന ഒരു മഹൽദ്ദിനം ആഘോഷിക്കാറുണ്ടു്. അന്നു് അരിയും പാലും പചിച്ചു് വളരെ ചടങ്ങുകളോടുകൂടി ഭക്ഷിക്കയാണു മുറ. ഈ സുദിനം കൊണ്ടാടാതെയിരിക്കുന്നതു വലിയ ആക്ഷേപമായി അവർ പരിഗണിച്ചിരുന്നു. ഒരു ഹൈന്ദവാചാരമാണെങ്കിലും മാമൂൽ അനുസരിച്ചു പൊങ്ങൽ ഘോഷിക്കുന്നതിനു വിരോധമില്ലെന്നു് ഫാദർ ഡിനോബിലി തന്റെ മാൎഗ്ഗാവലംബികളോടു പറഞ്ഞു. അരിയും പാലും അദ്ദേഹംതന്നെയാണു് ആശീർവദിച്ചുകൊടുത്തിരുന്നതു്. എന്നാൽ ഒരു കുരിശുനാട്ടി അതിനു കീഴിൽ വേണം പാചകം നടത്തുവാനെന്നു് അദ്ദേഹം ആജ്ഞാപിച്ചിരുന്നു. പക്ഷേ ഒരു കുടുംബക്കാൎക്കു് ആജ്ഞാനുസൃതം പ്രവൎത്തിക്കുന്നതിനു തരപ്പെട്ടില്ല. എന്നാൽ എന്തുവേണ്ടു, ധാരാളം വിറകെരിച്ചിട്ടും അരി വേവുന്നില്ല. അനന്തരം കുരിശുസ്ഥാപിച്ചതോടുകൂടി കാൎയ്യം ശുഭമായി പൎയ്യവസാനിക്കയും ചെയ്തു. ഈ സംഭവം ജനങ്ങളുടെ വിശ്വാസത്തെ സ്ഥിരീകരിക്കുന്നതിനു പൎയ്യാപ്തമായെന്നു പറയേണ്ടതില്ലല്ലോ.

ഇപ്രകാരം ഫാദർ ഡിനോബിലി പന്ത്രണ്ടു സംവത്സരത്തിനുള്ളിൽ ബ്രാഹ്മണർ തുടങ്ങിയ ൧൦൧൨ സവൎണ്ണ ഹിന്തുക്കളേയും ൨൭൦൦ അവൎണ്ണഹിന്തുക്കളേയും മാനസാന്തരപ്പെടുത്തി. അപ്പൊഴപ്പോഴായി കൊച്ചിയിൽനിന്നും ഗോവയിൽനിന്നും സഹായത്തിനായി ചില മിഷ്യനറിമാർ എത്തിയെങ്കിലും അവരിൽനിന്നു് ആശാസ്യമായ യാതൊരു സഹായസഹകരണങ്ങളും ലഭിച്ചിരുന്നില്ല.

നാട്ടുഭാഷകളിലുള്ള ശരിയായ ജ്ഞാനവും ജനതതിയുടെ സാമൂഹ്യാചാരങ്ങളിലുള്ള പരിചയവും ഉദ്ദേശസാദ്ധ്യത്തിനു് ഏററവും അത്യാവശ്യമാണെന്നുള്ള വാസ്തവവും ഇദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. തമിഴ, സംസ്കൃതം, തെലുങ്കു് എന്നീ ഭാഷകളിൽ രചിക്കപ്പെട്ടിരുന്ന മിക്ക സാമുദായികഗ്രന്ഥങ്ങളും വായിച്ചു് ജനങ്ങളുടെ സാമൂഹ്യനടവടികളെ അദ്ദേഹം സൂക്ഷ്മമായി മനസ്സിലാക്കി. ഏതദ്ദേശ്യ ഭാഷാഭ്യസനത്തിൽ പ്രദൎശിപ്പിച്ചിരുന്ന ആസക്തി, അസാധാരണമായ ഇന്ദ്ര്യനിഗ്രഹം, ഉഗ്രതപസ്സ് മുതലായവ കണ്ടു് അത്യധികം അസൂയാകുക്ഷിയായ ഒരു ദ്വിജശ്രേഷ്ഠൻ വീരമാമുനിയുടെ ഗുരുവരനായിരിക്കാമെന്നു സദയം സമ്മതിച്ചു് അതിലേക്കായി പ്രവേശിച്ചു. ശിഷ്യനെ ക്രമേണ ഹിന്തുമതത്തിലേക്കു തിരിക്കണമെന്നുള്ള ദുരുദ്ദേശത്തോടുകൂടിയാണു് ഗുരു ഈ വൃത്തി സ്വീകരിച്ചതു്. പക്ഷേ സംഭവിച്ചതു നേരേ മറിച്ചായിരുന്നു. ശിഷ്യനായ വീരമാമുനി ഗുരുവിനെ ക്രിസ്തുമതത്തിലേക്കു ആനയിക്കയാണു ചെയ്തതു്. പ്രസ്തുത ഗുരുനാഥന്റെ കീഴിലുള്ള അഭ്യസനം ഫാദർ ഡിനോബിലിക്കു് ഏററവും ഉപകാരപ്രദമായി പരിണമിച്ചു. ഫാദർ പ്രൊവിൻഷ്യലിനു ൧൬൧൦ ഏപ്രിൽ ൨൦നു അയച്ച ഒരു കത്തിൽ ഗുരുഭൂതനെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "സമൎത്ഥനായ ഈ ബ്രാഹ്മണനു ഞാൻ എത്രകടപ്പെട്ടിരിക്കുന്നുവെന്നുപറവാൻ അസാദ്ധ്യം. സംസ്കൃതം, തെലുങ്കു്, വിശിഷ്യ, ഹൈന്ദവവേദങ്ങൾ ഇവ ഞാൻ ഹൃദിസ്ഥമാക്കിയതു് ഇദ്ദേഹത്തിൽ നിന്നായിരുന്നു. വേദം എഴുതിക്കൊടുത്തു പഠിപ്പിക്കയെന്നുള്ളതു് ഒരു ഭയങ്കര പാപമാണെന്നാണു് ഹിന്തുക്കളുടെ വെപ്പു്. മനഃപാഠം പഠിക്കുന്നതിനു് എനിക്കു വളരെ പ്രയാസമായിരിക്കുമെന്നു ഗുരുനാഥൻ കരുതി നിയമവിരുദ്ധമെങ്കിലും അദ്ദേഹം വേദമെഴുതിത്തന്നുതന്നെയാണു് എന്നെ പഠിപ്പിച്ചതു്. ഇതു് ആരെങ്കിലും അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കണ്ണു ചൂഴന്നുകളഞ്ഞേനേ".

പ്രകൃത്യാതന്നെ അസാധാരണ ബുദ്ധികൂൎമ്മത, വിസ്മയനീയമായ ഓൎമ്മശക്തി, അജയ്യമായ ഉത്സാഹശീലം, എന്നീ ഗുണങ്ങളാൽ പ്രശോഭിതനായിരുന്ന ഫാദർ ഡിനോബലിക്കു് അത്യുത്തമനായ ഒരു ഗുരുനാഥന്റെ സഹായസഹകരണങ്ങളുംകൂടി ലഭിച്ചപ്പോഴുള്ള അവസ്ഥ പറയണമെന്നുണ്ടോ? അഞ്ചാറു സംവത്സരങ്ങൾക്കുള്ളിൽ ഇദ്ദേ

ഹം തമിൾ, തെലുങ്ക് എന്നീ ഭാഷകളിൽ ഒരു സരസ സാഹിത്യകാരനും ഹൈന്ദവ വേദശാസ്ത്രങ്ങളിൽ ഒരു സുപ്രസിദ്ധ പണ്ഡിതനും ആയിത്തീൎന്നു. മതപ്രചരണത്തിനു കത്തോലിക്ക് ഗ്രന്ഥാവലികൾ അത്യന്താപേക്ഷിതമാണെന്നു പൂൎണ്ണമായി ഗ്രഹിച്ച നമ്മുടെ കഥാപുരുഷൻ പ്രസ്തുത വിഷയത്തിലും ഗാഢശ്രദ്ധ പതിക്കാതിരുന്നില്ല. സത്യാന്വേഷികളുടെയും പ്രേഷകവൃത്തി അനുഷ്ഠിക്കുന്നവരുടെയും നിത്യോപയോഗത്തെ പ്രമാണിച്ചു സന്യാസിവൎയ്യൻ കുററക്കാരന്റെയോ മുടക്കുകാരന്റെയോ നിലയിൽ മധുര, കൊച്ചി, ഗോവാ എന്നീ സ്ഥലങ്ങളിൽ കഴിച്ചുകൂട്ടിയ പത്തു സംവത്സരത്തിനിടയ്ക്കു ലത്തീൻ, തമിഴ് എന്നീ ഭാഷകളിൽ പല വിശിഷ്ടഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ ഭാഷാരീതി ലളിതകോമളവും, എന്നാൽ കാൎയ്യസാരം പ്രൗഢഗംഭീരവും ആയിരുന്നു. തമിഴസാഹിത്യ പോഷണാൎത്ഥം പ്രവൎത്തിച്ചിട്ടുള്ള സുപ്രസിദ്ധന്മാരിൽ ഈ പുണ്യാത്മാവിന്റെ സ്ഥാനം ഒട്ടും അപ്രധാനമല്ല. ഇദ്ദേഹത്തിന്റെ കൃതികളിൽ ഏററവും പ്രധാനമായിട്ടുള്ളതു് വേദപുസ്തകം, ജ്ഞാനോപദേശം, മന്ത്രമാല, തേംപാവണി മുതലായവയാണു്. തേംപാവണി എന്ന കൃതി കേരളീയ കത്തോലിക്കൎക്കു സുപരിചിതമായ ഒന്നാണല്ലൊ. പ്രസ്തുത ഗ്രന്ഥത്തിന്റെ ഏതാനും ഭാഗങ്ങൾ ചില സഹൃദയന്മാർ മലയാളത്തിൽ ഭാഷാന്തരം ചെയ്തതായി അറിവുണ്ടു്. ഇദ്ദേഹത്തിന്റെ ഒരു കൃതിയായ 'അഞ്ചാംവേദം' വിശുദ്ധ വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ളതാണു്. ഈ കൃതിയുടെ ഒരു പ്രതി ചരിത്രപ്രസിദ്ധമായ ഫ്റഞ്ചു വിപ്ലവനേതാക്കളിൽ ഒരാളായ വാൾട്ടറിനു കിട്ടുകയും അദ്ദേഹം കൃതിയുടെ മാഹാത്മ്യത്തെ അഭിനന്ദിച്ചു ൧൭൱൩-ൽ ഇതിനെ പരന്ത്രീസ് രാജകീയ ഗ്രന്ഥശാലയ്ക്കു പ്രദാനംചെയ്കയും ചെയ്തു. ഈ വിശിഷ്ടകൃതി ഇന്നും ആ ഗ്രന്ഥശാലയിൽ സൂക്ഷിക്കപ്പെട്ടുവരുന്നുണ്ടു്.

വാകയിൽ അലക്സാണ്ടർ
ബി. ഏ.

## ദിവ്യകാരുണ്യ സഭ.

മനുഷ്യവൎഗ്ഗത്തിന്റെ നേരേ ദൈവം കാണിച്ചിട്ടുള്ള അനന്ത സ്നേഹത്തിന്റെ ഒരു നിത്യസ്മാരകമാണല്ലോ വിശുദ്ധ കുർബാന. ഈ ദിവ്യകാരുണ്യത്തെ മനുഷ്യൻ യഥായോഗ്യം അറിഞ്ഞിരുന്നെങ്കിൽ ലോകം ഒരു സ്വൎഗ്ഗമായിത്തീൎന്നേനേ എന്നു പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഫാദർ ഫെയ്ബർ എന്ന വന്ദ്യദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതിന്റെ യാഥാൎത്ഥ്യം ഓരോകാലം ചെല്ലുന്തോറും കൂടുതലായി പ്രത്യക്ഷപ്പെട്ടുവരുന്നുണ്ടു്. ഇതിനാൽ ദിവ്യകാരുണ്യ ഈശോയെ അറിഞ്ഞു സ്നേഹിക്കുന്നതിനും, ശേഷംപേൎക്കും അങ്ങേ അറിയിക്കുന്നതിനും, അവരെക്കൊണ്ടും അങ്ങേ സ്നേഹിപ്പിക്കുന്നതിനും വേണ്ടി പുണ്യാത്മാക്കളെല്ലാവരും എത്രമാത്രം ശ്രമിച്ചിട്ടുണ്ടെന്നു് അവരുടെ ജീവചരിത്രങ്ങളിൽ നിന്നു കാണാവുന്നതാണു്. എന്നാൽ ഇക്കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യഭാഗത്തായി ഫ്രാൻസു രാജ്യത്തിൽ പ്രശോഭിച്ചിരുന്ന ജൂലിയൻ എയ്മാർഡ് എന്ന അനുഗ്രഹീതനായ ദേഹത്തെപ്പോലെ ഈ വിഷയത്തിൽ ആജീവനാന്തം പരിശ്രമിച്ചിട്ടുള്ളവർ അധികം ഉണ്ടാകുമെന്നു തോന്നുന്നില്ല. ദിവ്യകാരുണ്യ ഈശോയുടെ മഹത്വമെന്ന ഏകവിഷയമായിരുന്നു ആ ദേഹത്തിന്റെ ജീവിതോദ്ദേശം. തദ്ദേശസാദ്ധ്യത്തിനായി നവനവങ്ങളായ ഓരോ മാൎഗ്ഗങ്ങളെ അദ്ദേഹം കണ്ടെത്തി. കൂലിവേലക്കാരുടെ

ആദ്യകുർബാന കൈക്കൊള്ളൽ നടത്തുന്നതിനായി ഒരു സംഘം സ്ഥാപിച്ച്, ദിവ്യകാരുണ്യ ഈശോയിൽനിന്ന് അകന്നു നടന്നിരുന്ന അനേകരെ ദിവ്യരക്ഷകനിലേക്ക് ആകർഷിച്ചു. വൈദികരുടെ ആരാധനസംഘം വഴിയായി ദിവ്യകാരുണ്യരാജാവിനെ സദാ ബഹുമാനിച്ചു. ദേവാലയാലങ്കാരങ്ങൾക്കായും മററും സ്ഥാപിക്കപ്പെട്ട വേറൊരു സംഘംമൂലം ദിവ്യകാരുണ്യ ഈശോയുടെ സിംഹാസനങ്ങൾ ശോഭായമാനമാക്കിത്തീർത്തു. ഇപ്പോൾ അറുനൂറിൽപ്പരം സന്യാസികളുള്ള ദിവ്യകാരുണ്യ സന്യാസ സഭാമദ്ധ്യേണ അവരുടെ ദേവാലയങ്ങളിൽ നിരന്തരമായ ആരാധന നടത്തിവരുന്നു.

ഇക്കൂട്ടത്തിൽ എല്ലാ ജനങ്ങൾക്കും സംബന്ധിക്കാൻ തക്കതായി അദ്ദേഹം ഏർപ്പെടുത്തിയിട്ടുള്ള ഒരു സ്ഥാപനമാണ് ദിവ്യകാരുണ്യസഭ എന്ന പേരിനാൽ ഇപ്പോൾ അറിയപ്പെടുന്നത്. ൧൮൯൭ മെയ് ൧൮-ാംനു വിശുദ്ധ സിംഹാസനത്തിൻെറ തിരുവെഴുത്താൽ ഇതു് ഒരു അതിസഖ്യം (Arch-confraternity) ആയി ഉയർത്തപ്പെട്ടിരിക്കുന്നു. എല്ലാ വിശ്വാസികൾക്കും ഇതിൽ ചേരാവുന്നതാണ്. സഖ്യത്തിൽ മുറപ്രകാരം പേരെഴുതിച്ച ശേഷം ഏതെങ്കിലും ഒരു ദേവാലയത്തിൽ മാസത്തിലൊരിക്കൽ ഒരു മണിക്കൂർ നേരം ദിവ്യകാരുണ്യത്തിൻമുമ്പാകെ ആരാധന കഴിക്കണമെന്നുള്ളതു മാത്രമാണ് ഇതിൻെറ ചുമതല. ഇതിൻെറ അംഗങ്ങൾക്കു ദിവ്യകാരുണ്യ സഭാസന്യാസികളുടേയും, ആരാധന സഖ്യത്തിൽപെട്ട വൈദികരുടെയും, മററു ദിവ്യകാരുണ്യസഭാശാഖകളെല്ലാത്തിൻെറയും അംഗങ്ങളുടെയും പ്രാർത്ഥനകളിലും പുണ്യപ്രവൃത്തികളിലും ഓഹരി ലഭിക്കുന്നതു കൂടാതെ പൂർണ്ണവും അപൂർണ്ണവുമായ നിരവധി ദണ്ഡവിമോചനങ്ങളും പ്രാപിക്കാവുന്നതാണ്. മരണസമയത്ത് 'ഈശോ' എന്ന തിരുനാമം മനസ്താപത്തോടെ ഉച്ചരിക്കുന്നതായാൽ ഒരു പൂർണ്ണദണ്ഡവിമോചനമുണ്ടെന്നുള്ളതും, മരണാനന്തരം സഖ്യാംഗങ്ങൾക്കുവേണ്ടി വൈദികരെല്ലാവരും പ്രതിവർഷം ഓരോ കുർബാന ചൊല്ലുമെന്നുള്ളതും പ്രത്യേകം സ്മരണീയമാണ്.

പ്രസ്തുത സഭാംഗങ്ങളുടെ ചുമതലയെപ്പററി ഫാദർ എയ്മാർഡ് ഒരു സ്ഥലത്തു പറഞ്ഞിരിക്കുന്നതു കേൾക്കുക:– "ഈശോ എന്നെ സ്നേഹിച്ചു 'ഈശോ എന്നെ സ്നേഹിച്ചു' എന്നു വി. പൌലോസിനോടുകൂടെ അവർ നിലവിളിക്കട്ടെ. 'അങ്ങുന്നു് തന്നെ മുഴുവനും എനിക്കു തന്നു; എനിക്കു മാത്രമായിട്ടു തന്നു. ആകയാൽ അങ്ങേ നേർക്കു ഞാൻ പ്രതിസ്നേഹം കാണിക്കും എന്നായിരിക്കണം അവരുടെ ചിന്ത. അതുകൊണ്ട് ഈ സഭാംഗങ്ങൾ എല്ലായിലും മേലായി സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കട്ടെ! അവർ തങ്ങൾക്കുവേണ്ടിത്തന്നെ ജീവിക്കാതെ, തങ്ങളുടെ കർത്താവിനെപ്പററി ചിന്തിക്കയും, അവിടത്തേക്കായി അദ്ധ്വാനിക്കയും ചെയ്യട്ടെ! അവിടത്തെ പ്രസാദിപ്പിക്കുന്നതിനും, അവിടത്തേയ്ക്കു ശുശ്രൂഷ ചെയ്യുന്നതിനുമായിരിക്കട്ടെ അവരുടെ ജീവിതത്തിൻെറ ആഗ്രഹം മുഴുവൻ".

ഇപ്രകാരം പ്രയോജനകരമായ ഈ ദിവ്യകാരുണ്യസഭ ൧൯൧൬ ജനുവരി ൧൨-നു കേരളത്തിൽ ഇദംപ്രഥമമായി മുത്തോലി ആശ്രമത്തിൽ മുറപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതിൽ, നാനാഭാഗങ്ങളിൽനിന്നും പല ആളുകൾ ചേർന്ന് ദിവ്യകാരുണ്യ ഈശോയെ മഹത്വപ്പെടുത്തിവരുന്നുണ്ടെന്നുള്ള വിവരംകൂടി പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

ഫാദർ ഹില്ലാര്യോൻ സി. ഡി.

---

ഈക്കൊല്ലം പതിനായിരത്തിൽ പരം തീർത്ഥയാത്രക്കാർ ബ്രിട്ടീഷ് ദ്വീപുകളിൽനിന്നു സംഘമായിട്ടു ലൂർദ് സന്ദർശിച്ചിട്ടുള്ളതായിക്കാണുന്നു.

കാർഡിനൽ വൻറോസ്സം അവർകളുടെ സന്യാസ വ്രതാനുഷ്ഠാനത്തിൻെറ സ്വർണ്ണജൂബിലി കഴിഞ്ഞ മാസത്തിൽ ആഘോഷിച്ചിരിക്കുന്നു.

# തിരുഹൃദയഭക്തന്മാർ ൧൲൧൱ ചിങ്ങമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## ആഫ്രിക്കായിലെ വേദപ്രചാരം.

ഒരുകോടി ഇരുപതുലക്ഷം ചതുരശ്രമൈൽ വിസ്താരത്തിൽ കിടക്കുന്ന ഒരു വലിയ ഭൂവിഭാഗമാണ് ആഫ്രിക്കാഖണ്ഡം. വേറെവിധത്തിൽ പറഞ്ഞാൽ ഇതിനു യൂറോപ്പിന്റെ മൂന്നിരട്ടിയും അമേരിക്കയിലെ ഐക്യരാജ്യങ്ങളുടെ ഏകദേശം അഞ്ചിരട്ടിയും വലിപ്പമുണ്ടു്. മുഹമ്മദീയർ, സൂൎയ്യചന്ദ്ര നക്ഷത്രാദികളെ വന്ദിക്കുന്ന വിഗ്രഹാരാധനക്കാർ, ബുദ്ധമതക്കാർ, വിവിധ ശാഖക്കാരായ ക്രിസ്ത്യാനികൾ എന്നിവരുൾപ്പെട്ട ൧൦ കോടിയ്ക്കുമേലായ ഒരു ജനക്കൂട്ടം ഈ ഭൂഖണ്ഡത്തെ അധിവസിക്കുന്നുണ്ടു്. 'അന്ധകാര ഭൂവിഭാഗ'മെന്ന നാമത്തെ യഥാൎത്ഥത്തിൽ ഇന്നും വഹിച്ചുകൊണ്ടു പരിഷ്കാരകിരണത്തിനും സത്യവേദവെളിച്ചത്തിനും പ്രവേശംകൊടുക്കാതെസ്ഥിതിചെയ്യുന്ന ഈ വൻകരയെ യൂറോപ്യൻ മഹച്ഛക്തികൾ വിഭാഗിച്ചെടുത്തു അനുഭവിച്ചുവരികയാണു്. എങ്കിലും ജനതതിയെ പരിഷ്കരിക്കുന്നതിനും അജ്ഞാനാന്ധകാരത്തിൽനിന്നു സുവിശേഷപ്രകാശത്തിലേക്കു കൊണ്ടുവരുന്നതിനുമുമ്പുള്ള അവരുടെ ശ്രമങ്ങൾ തുലോം നിസ്സാരഫലത്തേമാത്രമേ ഇനിയും ചെയ്യുന്നുള്ളു. ഈ ഭൂഖണ്ഡത്തിന്റെ പൂൎവ്വികമഹത്വത്തെ ഓൎത്തുനോക്കുമ്പോൾ ഇതിന്റെ അധുനികാവസ്ഥ അത്യന്തം പരിതാപകരമായിരിക്കുന്നു. ക്രിസ്താബ്ദം ഒന്നാം ശതാബ്ദത്തിൽ തന്നെ സുവിശേഷകനായ വി. മൎക്കോസു ഇവിടെ സത്യവേദം പ്രസംഗിക്കയും, ക്രിസ്തുമതത്തിനു പ്രചുരമായ പ്രചാരം സിദ്ധിക്കയും ചെയ്തിട്ടുള്ളതാണു്. വി. അത്തനാസിയൂസ്, കുറില്ലോസ്, സിപ്രിയാൻ, അഗുസ്തീനോസു് ആദിയായ സുപ്രസിദ്ധ വേദപാരംഗതന്മാരേയും, അന്തോനീസ്, പൌലോസ്, മക്കാരീസ് മുതലായ മററനവധി പുണ്യാത്മാക്കളേയും പുറപ്പെടുവിച്ചിട്ടുള്ള ഒരു വിശുദ്ധപ്രദേശമാണിതു്. വി. അഗുസ്തീനോസിന്റെ കാലത്തു് വടക്കെ ആഫ്രിക്കായിൽ തന്നേയുള്ള മുന്നൂറിൽപ്പരം മെത്രാന്മാരുടെ ഒരു സൂനഹദോസു കൂടിയതായി സഭാചരിത്രത്തിൽ കാണാം. എന്നാലിതാ ആ പ്രദേശങ്ങളെല്ലാം ഇപ്പോൾ ഒരു കത്തോലിക്കാ വൈദികനേയാകട്ടെ ഒരുകത്തോലിക്കവിശ്വാസിയേആകട്ടെ കാണ്മാനില്ലാത്ത മഹമ്മദീയ ആസ്ഥാനങ്ങളായി കാണപ്പെടുന്നു. ഏഴാം നൂററാണ്ടുമുതലുള്ള മഹമ്മദീയ ആക്രമണത്തോടേയാണു ഈ അധഃപതനം ആരംഭിച്ചതു്. അതു ഇന്നും നിലനിന്നു പോരികയും ചെയ്യുന്നു. കത്തോലിക്ക് മിഷ്യനറിമാർ നിരന്തര പരിശ്രമം ചെയ്തുവരുന്നുണ്ടു്. വിവിധ സന്യാസസഭക്കാരായ ആയിരത്തിൽപ്പരം മിഷ്യനറിമാരും, അനേകായിരം സഹോദരിമാരും, ജനങ്ങളുടെ ക്രൂരതയ്ക്കും കാലാവസ്ഥയുടെ ഉഗ്രതയ്ക്കും തങ്ങളുടെ ജീവനേപ്പോലും ബലികഴിച്ചുകൊണ്ടു അവരുടെ ഇടയിൽ വേലചെയ്യുന്നുണ്ടെങ്കിലും കഷ്ടിച്ചു ആയിരത്തിനു ര



ണ്ടവീതംസത്യക്രിസ്ത്യാനികളേ അവിടെ ഉണ്ടായിട്ടുള്ളൂ. മൂന്നുകോടി ജനവും മഹമ്മദീയരാണു്. യാക്കോബായക്കാരാദിയായ ശീശ്മക്കാരുടെ എണ്ണവും കുറവല്ല. പ്രോട്ടസ്റ്റാൻറു ക്രിസ്ത്യാനികളും അവരുടെ വേദപ്രചാര ജോലികൾ ഊൎജ്ജിതമായി നടത്തിവരുന്നുണ്ടു്. ഈ പരിതാപകരമായ നിലയിൽ കത്തോലിക്ക മിഷ്യനറിമാരുടെ വേല പൂൎണ്ണാധികം സഫലമായിത്തീരുന്നതിനും സുവിശേഷദീപം 'അന്ധകാരഭൂഖണ്ഡ'ത്തിലെങ്ങും അചിരേണ പ്രകാശിച്ചു കാണുന്നതിനും വേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രാൎത്ഥിക്കണം,

കന്നിമാസം.

റഷ്യയുടെ മാനസ്സാന്തരം.

## ഇൻഡ്യയുടെ വിസിററർ അപ്പസ്തോലിക്കാ

താർസ്സൂസിൻെറ മെത്രാപ്പോലീത്തായും ഇൻഡ്യയുടെ വിസിററർ അപ്പസ്തോലിക്കമായ നി. വ. ദിവ്യശ്രീ മൊൻസിഞ്ഞോർ അല്ലെസ് ലെപ്പിസിയെ Alexis M. Lepicier അവർകൾ ൧൯൨൪ മെയ് ൨൯-ാംനു നമ്മുടെ കൎത്താവിൻെറ സ്വൎഗ്ഗാരോഹണ തിരുനാളിൽ പ്രൊപ്പഗാന്ത കോളെജ് വക കപ്പേളയിൽവച്ചു് പ്രൊപ്പഗാന്ത തിരുസംഘാദ്ധ്യക്ഷൻ അത്യുന്നത വാൻറോസ് കർദ്ദിനാളിൽനിന്നു മെത്രാഭിഷേകം കൈക്കൊണ്ടിരിക്കുന്നു. അഭിഷേകകൎമ്മത്തിൽ സഹായമെത്രാന്മാരായിരുന്നതു സെലെവ്കിയാ മെത്രാപ്പോലീത്താ ആയ മൊൻസിഞ്ഞോർ മർക്കെത്തി അവർകളും, തെസ്സലൊനിക്കാ മെത്രാപ്പോലീത്താ ആയ മൊൻസിഞ്ഞോർ റോസ്സി അവർകളുമായിരുന്നു. ഈ കൎമ്മത്തിൽ ശുശ്രൂഷകൾ നടത്തിയതു് ഇന്ത്യക്കാരായ പ്രൊപ്പഗാന്ത വിദ്യാൎത്ഥികളും, സെർവൈററ്സഭ വക ഫൽക്കൊനിയേരി കോളെജ് വിദ്യാൎത്ഥികളുമായിരുന്നു. സന്നിഹിതരായിരുന്ന മഹാന്മാരുടെ കൂട്ടത്തിൽ അത്യുന്നത കർദ്ദിനാൾ 'കളിയാനൊ, മൊൺസിഞ്ഞോർ സലേസ്സി, അൎമ്മേന്യാ പാത്രിയക്കീസ് മൊൺസിഞ്ഞോർ തെർസ്യാൻ, സിംഗപ്പൂർ കൊഅദ്യുത്തോർ മെത്രാൻ മൊൻസിഞ്ഞോ പൊറിക്കൻ, സൊറന്തോൻ മെത്രാൻ മൊൻസിഞ്ഞോർ ബ്രൈനാൻ, ബെദ്ദ് സൈദായുടെ മെത്രാൻ മൊൻസിഞ്ഞോർ ജാൻസൻ, ന്യൂയൊക്ക്മെത്രാൻ മൊൻസിഞ്ഞോർ കോരിഗൻ മുതലായ മെത്രാന്മാരും, പല സന്യാസസഭകളുടെ ജനറാളന്മാരും അനേകപട്ടക്കാരും മാന്യജനങ്ങളുമുണ്ടായിരുന്നു. അഭിഷേകദിവസത്തിൽ വിസിററർ അപ്പൊസ്തോലിക്ക് അവർകൾക്കു് അനേക സമ്മാനങ്ങളും, മംഗളാശംസകളും ലഭിക്കുകയുണ്ടായി. മൊൻസിഞ്ഞോർ അല്ലെസ് എം. ലെപ്പീസിയവർകൾ ൧൮൬൩ ഫെബ്രുവരി ൨൮-ൽ ഫ്രാൻസിൽ വേർഡൂൻ രൂപതയിൽ വൊക്കുളേർസ് Vaucouleurs എന്ന പട്ടണത്തിൽ ജാതനായി. സെർവൈററുസഭയിൽചേൎന്നു് ഇംഗ്ലണ്ടിൽ വച്ചു നവസന്യാസകാലവും വൈദികവിദ്യാഭ്യാസവും കഴിച്ചു് ൧൮൮൫ സെപ്റ്റംബർ ൧൯-ൽ ഗുരുപ്പട്ടമേററു. ൧൮൯൨-ൽ ൧൩-ാം ലേഓൻ മാൎപ്പാപ്പായാൽ പ്രൊപ്പഗാന്ത കോളെജിൽ ഡോഗ്മാററിക്ക് തീയൊളെജി (ദൈവശാസ്ത്രം) പ്രൊഫ്സറായി നിയമിക്കപ്പെട്ടു. ഉദ്ദേശം ൨൫ വഷത്തോളം ഈ ജോലി സുത്യർഹമായ വിധത്തിൽ നടത്തി. ൧൯൧൩ മുതൽ ൧൯൨൦ വരെ സ്വന്ത സഭയിൽ പ്രൊക്കുറേറർ ജനറാൾ, പ്രിയോർ ജനറാൾ എന്നീ ജോലികൾ നടത്തി. ലാററിൻ, ഇററാല്യൻ, ഫ്രെഞ്ച്, ഇംഗ്ലീഷ്, ജൎമ്മൻ എന്നീ ഭാഷകൾ ഇദ്ദേഹത്തിനു വെടിപ്പായിഅറിയാം. ഈ ഭാഷകളിൽ പല പുസ്തകങ്ങളും എഴുതീട്ടുണ്ടു. ഇദ്ദേഹത്തിൻെറ കൃതികളെ ൧൩-ാം ലേഓൻ, ൧൦-ാം പീയൂസ്, ൧൫ ാം ബന

ദീക്തോസ്, ൧൧-ാം പീയൂസ് എന്നീ മാർപ്പാപ്പാമാർ വളരെ സ്തുതിക്കയും ഗ്രന്ഥകർത്താവിനെ അനുമോദിച്ച് തിരുവെഴുത്തുകൾ അയക്കയും ചെയ്തിട്ടുണ്ട്. കുറെമുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട (Diatessaron) "ദ്യാത്തെസ്സരോൻ" അഥവാ "സുവിശേഷം നാലിൻെറയും യോഗസംഘടന" എന്ന പുസ്തകം മഹാന്മാർക്കു വിസ്മയകരമായിരിക്കുന്നു. പുതിയകാനൽലോ പ്രസിദ്ധീകരണകമ്മട്ടിയിലും, ആറേഴുതിരുസംഘങ്ങളിലും ഇദ്ദേഹം അംഗമായിരുന്നു. ൧൯൧൧-ൽ ഇംഗ്ലണ്ടിൽ ഒരു പ്രത്യേക സംഗതി നടത്തുവാൻ തിരുസിംഹാസനം ഇദ്ദേഹത്തെ അയക്കയുണ്ടായി. ൧൯൨൨-ൽ സ്കോട്ട്ലണ്ടിൽ വിസിററർ അപ്പോസ്തോലിക്കായിട്ടു അയക്കപ്പെട്ടു. രണ്ടുവൎഷം കൊണ്ടു ആ ജോലി ശുഭമായിതീൎത്തു. ഇപ്പോൾ ഇൻഡ്യയിൽ പ്രൊപ്പഗാന്തതിരുസംഘത്തിൻെറ കീഴുള്ള രൂപതകളെയും മിസ്സുങ്ങളേയും സന്ദർശിക്കുന്നതിന്നു വിസിററർ അപ്പോസ്തോലിക്കായി നിയമിക്കപ്പെട്ടിരിക്കുന്നു.

Ad multos Annos.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. സത്യവേദ പ്രബോധിനി.

റവ. ഫാദർ പയസ് അക്കര,

ലൂർദ് പള്ളി. തൃശൂർ; വില 3 അണ.

പ്രസിദ്ധ വേദശാസ്ത്ര കോവിദനായ സിജിസ് മോൻഡ് ഹെർഡിൽ കർദ്ദിനാളവർകളുടെ ഒരു ഇററാലിയൻ കൃതിയെ ലളിതകോമളമായ ഭാഷയിൽ മലയാളത്തിലേക്കു ഭാഷാന്തരം ചെയ്തിട്ടുള്ളതാണ് ഈ പുസ്തകം. ഭാഷാന്തരകാരനായ റവ. ഫാദർ പയസ് അക്കര അവർകൾ കേരളീയ കത്തോലിക്കർക്കു പല വിധത്തിൽ സുപരിചിതനായ ഒരു ദേഹമാകയാൽ അദ്ദേഹത്തിൻെറ ഈ നവീന കൃതിയേപ്പററി ഞങ്ങൾ അധികമൊന്നും പറയേണ്ട ആവശ്യം കാണുന്നില്ല. അഞ്ചദ്ധ്യായങ്ങളിലായി നൂററഞ്ചു പക്ഷങ്ങളുള്ള ഈ പുസ്തകംകൊണ്ടു ദൈവത്തിൻെറസത്യസഭകത്തോലിക്കാസഭയാണെന്നും, ഭൂമുഖത്തുള്ള മററു മതങ്ങളെല്ലാം മനുഷ്യസ്ഥാപിതങ്ങളായ കൃത്രിമമതങ്ങളാണെന്നും മനസ്സിലാക്കുന്നതിനു നിർമ്മത്സരബുദ്ധികളായ വായനക്കാർക്കു അത്യന്തം സഹായിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

---

പരിശുദ്ധ പിതാവിനു് അറുപത്തേഴു വയസ്സു പൂർത്തിയായിരിക്കുന്നു.

### 2. സാഹിത്യചന്ദ്രിക.

പ്രതിമാസപത്രിക.

മിസ്റ്റർ മാത്യു മാമ്പറ, മാനേജിങ്ങ് എഡിററർ

ഭരണങ്ങാനം— പാലാ.

വരിസംഖ്യ രണ്ടര രൂപാ.

കുഴ്‌വാലശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഗുരുപ്പട്ട രജതജൂബിലി സ്മാരകമായി കോട്ടയത്തുനിന്നു പുറപ്പെട്ടിട്ടുള്ള 'അനന്തഭാരതി' എന്ന പ്രതിവാരപ്പത്രികയ്ക്കു പുറമേ ഭരണങ്ങാനത്തുനിന്നും "സാഹിത്യചന്ദ്രിക" എന്ന നാമത്തിൽ ഒരു മാസികാഗ്രന്ഥവും പുറപ്പെട്ടുകാണുന്നതിൽ ഞങ്ങൾ അത്യധികം സന്തോഷിക്കുന്നു. കത്തോലിക്കരുടെവകയായുള്ള കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കേരളീയ കത്തോലിക്കരേ സംബന്ധിച്ചേടത്തോളം ഇനിയും വളരെദുർഭിക്ഷത്തിൽ തന്നെയാണ് ഇരിക്കുന്നതു്. അവശ്യാവശ്യങ്ങളായ എല്ലാ ശാഖകളിലും നമുക്കു പത്രങ്ങളും മാസികകളും ഇതേവരെ ഉണ്ടായിട്ടില്ല. ഒരു 'കത്തോലിക്കു ഭാഷാപോഷിണി'യുടെ ആവശ്യകത നമുക്കു ഒഴിച്ചുകൂടാത്തതായിട്ടുണ്ടു്. 'ചന്ദ്രിക'യേ ഒന്നാം ലക്കംപോലെ നിഷ്കൃഷ്ടയായി നടത്തിപ്പോരികയാണെങ്കിൽ തദ്ദുദ്ദേശസാദ്ധ്യത്തിനു ഇതു പൎയ്യാപ്തമായിത്തീരുമെന്നു അഭിപ്രാ

യപ്പെടുന്നതിൽ ഞങ്ങൾക്കു ഒട്ടും അധൈൎയ്യം തോന്നുന്നില്ല. ആകയാൽ ഞങ്ങളുടെ മാന്യസഹജീവി ചിരംജീവിയായിക്കാണ്മാൻ ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

3. സ്നേഹപ്രകാശം.

കൊൺവെൎഷ്യൻ ലീഗ് നമ്പർ 30-31.
പുത്തൻപള്ളി, വരാപ്പുഴ.

ലീഗുവകയായി ഇത്തവണ ഒരു ചെറിയ കഥ പ്രസിദ്ധീകരിക്കാമെന്നു വച്ചതിൽ ഭാരവാഹികൾ കാണിച്ച ഉചിതജ്ഞതയെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു. ശാസ്ത്രീയപ്രബന്ധങ്ങളേക്കാൾ കൂടുതലായ ഫലം ഈ 'സ്നേഹപ്രകാശം' കൊണ്ടു് നമ്മുടെ ജനതാമദ്ധ്യത്തിൽ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. അനുകരണീയങ്ങളായ പല കഥാപാത്രങ്ങളും ഇതിൽ പ്രകാശിച്ചുകാണുന്നുണ്ടു്. ഗ്രന്ഥകൎത്താവായ പാണാട്ടു ബ. തോമ്മാച്ചനവൎകൾ പുത്തൻപള്ളി സെമിനാരിയിൽ ഒരു വൈദിക വിദ്യാൎത്ഥിയായിരുന്ന കാലത്തു് ഇംഗ്ലീഷിൽനിന്നും ഭാഷാന്തരംചെയ്തിട്ടുള്ളതാണിതെന്നു കാണുന്നതിനാൽ ഇതിലും വിശിഷ്ടങ്ങളായ കൃതിതല്ലജങ്ങളും ഈ യുവവൈദികനിൽ നിന്നു മേലിൽ പ്രതീക്ഷിക്കാമെന്നുള്ളതു് അത്യന്തം ആശാജനകംതന്നെ.

---

# വൎത്തമാന സംഗ്രഹം.

## കേരളം.

ഡോക്ടർ പി. ജേ. തോമസ് അവൎകൾ ഇംഗ്ലണ്ടിൽ നിന്നും സ്വദേശത്തു തിരിച്ചെത്തിയിരിക്കുന്നു.

വെള്ളപ്പൊക്കം നിമിത്തമുണ്ടായിട്ടുള്ള ഭയങ്കരനാശങ്ങൾ ഓരോ സ്ഥലങ്ങളിൽ നിന്നും അറിഞ്ഞു വരുന്നതു അത്യന്തം ഹൃദയഭേദകമായിരിക്കുന്നു. പൂൎണ്ണമായ വിവരങ്ങൾ ഇനിയും അറിഞ്ഞിട്ടില്ല. അനേക ജീവനാശവും അനവധി ദ്രവ്യനഷ്ടവും ഉണ്ടായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

മാർതോമ്മാശ്ലീഹായുടെ തിരുനാൾ ഇക്കൊല്ലം പല സ്ഥലങ്ങളിലും ക്രൈസ്തവജാതീയദിനമായി വിശേഷവിധത്തിൽ ആഘോഷിച്ചതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കയും മേലിലും ഇപ്രകാരം നടത്തിപ്പോകുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്തുകാണ്മാൻ അഗ്രഹിക്കയും ചെയ്യുന്നു.

റാവു ബഹദൂർ മുത്തുനായകം പിള്ളയവൎകൾക്കു പോളിററിക്കൽ ഏജൻറു മിസ്റ്റർ കോട്ടൻ ജൂൺ 28-ാംനു- തിരുവനന്തപുരത്തു വെച്ചു പ്രസ്തുതസ്ഥാനത്തിൻെറ സന്നദ്ദു സാഘോഷം നൽകിയിരിക്കുന്നു.

തൃശ്ശൂർ സെൻറു തോമസ് കോളജു ഒന്നാം ഗ്രേയിഡാക്കുന്നതിനുള്ള ആലോചനകൾക്കായി റവ. ഫാദർ പാലോക്കാരൻ അവൎകൾ മദ്രാസിനു പോയിരുന്നതായറിയുന്നു.

മദ്രാസ് ഗവൎണർ ഘോഷൻ പ്രഭു അവൎകൾ പത്നീസമേതം അടുത്ത മാസത്തിൽ തിരുവിതാംകൂർ സന്ദൎശിക്കുന്നതാണെന്നു കേൾക്കുന്നു.

എറണാകുളം ജനറൽആസ്പത്രിയിൽ അത്യാസന്നാവസ്ഥയിൽകിടന്നിരുന്ന വെറി റവ. ഫാദർ സെറാഫ്യോൻ സി. ഡി. അവൎകളുടെ രോഗസ്ഥിതി വളരെ ഭേദപ്പെട്ടിട്ടുള്ളതായി കാണുന്നതിൽ സന്തോഷിക്കുന്നു.

തിരുവിതാംകൂർ പരസ്പര സഹായ സംഘത്തിൻെറ തൃതീയവാൎഷികസമ്മേളനം ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള എം. ഏ. ബി. എൽ, എൽ. എൽ. ബി, സി. ഐ. ഇ, ഐ, എസ്. ഒ. അവൎകളുടെ അദ്ധ്യക്ഷതയിൽ മിഥുനം 31, 32 എന്ന തീയതികളിലായി തിരുവനന്തപുരത്തു വെച്ചു നടന്നിരിക്കുന്നു.

കേരളീയ കത്തോലിക്ക് മഹാജനസഭയുടെ ശാഖാസംഘങ്ങൾ ഇടവകതോറും സ്ഥാപിക്കുന്നതിലേക്കു വേണ്ട ശ്രമങ്ങൾ ജനറൽ സെക്രട്ടറി മിസ്റ്റർ സി. ജെ. വറുഗീസു ബി. ഏ. ബി. എൽ ആരംഭിച്ചിട്ടുള്ളതായി അദ്ദേഹം ഞങ്ങളെ അറിയിച്ചിരിക്കുന്നു. അദ്ദേഹത്തിനു എല്ലാവരുടെയും സഹാ

യസഹകരണങ്ങള്‍ ഇതിലേക്കു ആവശ്യമാണെന്നു പറയേണ്ടതില്ലല്ലൊ.

വര്‍ത്തിക്കാന്‍ പ്രദര്‍ശനത്തിലേക്കു റവ. ഫാദര്‍ പഞ്ഞിക്കാരന്‍ എം. ഏ. അവര്‍കള്‍ ശേഖരിച്ചിട്ടുള്ള സാമാനങ്ങളുടെ ഒരു പ്രദര്‍ശനം മാര്‍ത്തോമ്മാദിനാഘോഷാവസരത്തില്‍ എറണാകുളം അരമനയില്‍ വച്ചു നടത്തിയതായി അറിയുന്നു.

## ഇന്‍ഡ്യാ

തൃശ്ശിനാപ്പള്ളിയിലെ ക്രിസ്ത്യാനികളുടെ ഇടയില്‍ ജാതിയ വഴക്കുകള്‍ക്കു ഹേതുഭൂതനായ മേങ്കളം കത്തോലിക്ക് അസോസിയേഷന്‍ പ്രസിഡന്‍റു മിസ്റ്റര്‍ പൊന്നയ്യാപ്പിള്ളയെ അവിടത്തെ മെത്രാനച്ചര്‍ മഹറോന്‍ ചൊല്ലിയിരിക്കുന്നു.

മദ്രാസ് സംസ്ഥാനത്തിലെ ഉള്‍നാട്ടുജനങ്ങളുടെ പ്രയോജനത്തിനായി മൂവായിരം ആസ്പത്രികള്‍ കൂടെ സ്ഥാപിക്കുന്നതിലേക്കു ഒരു പുതിയ സ്കീം തയാറാക്കിയിരിക്കുന്നു. ഇതില്‍ മുന്നൂറു അടുത്തമാസത്തില്‍ തന്നേ അരംഭിക്കുന്നതാണ്.

തൃശ്ശിനാപ്പള്ളി ആദിയായ സ്ഥലങ്ങളിലും അതിഭയങ്കരമായ വെള്ളപ്പൊക്കമുണ്ടായതായും, തീവണ്ടിപ്പാത മുതലായവയ്ക്കു കേടു ഭവിച്ചതായും, അനവധി ജനങ്ങള്‍ നിരാധാരന്മാരായിത്തീര്‍ന്നിട്ടുള്ളതായും അറിയുന്നു.

## ഇററലി

ജൂലൈ ൨൨ മുതല്‍ ൨൭ വരെ തീയതികളില്‍ ആംസ്റ്റര്‍ഡാമില്‍വച്ചു നടക്കുന്ന ൨൭-ാമത്തെ സര്‍വ്വജാതീയ ദിവ്യകാരുണ്യ മഹാസഭയിലേക്കു പരിശുദ്ധ പിതാവു തിരുമനസ്സിലെ പ്രതിപുരുഷനായി കാര്‍ഡിനല്‍ വന്‍റോസ്സും അവര്‍കളെ അയച്ചിരിക്കുന്നു.

അമ്മേരിക്കന്‍ ബനഡിക്റ്റന്‍ സഭക്കാര്‍ ചീനത്തു നവമായി തുടങ്ങുവാന്‍പോകുന്ന കത്തോലിക്ക സര്‍വ്വകലാശാലയ്ക്കു പരിശുദ്ധ പിതാവിന്‍റെ അംഗീകരണം ലഭിച്ചിരിക്കുന്നു.

ലാക്രൊ എന്ന പ്രസിദ്ധ പ്രഞ്ചുപത്രത്തിന്‍റെ സ്ഥാപകന്മാരായ ഹില്‍ബര്‍ട്ട്, കമീല്‍ഫെറോന്‍ വ്രേ, എന്ന പത്രപ്രവര്‍ത്തകന്മാരെ വിശുദ്ധന്മാരെന്നു നാമകരണം ചെയ്യുന്നതിനുള്ള പ്രാരംഭചടങ്ങുകള്‍ ആരംഭിച്ചിരിക്കുന്നു.

മുസ്സോലീനിയുടെ ഉത്സാഹത്താല്‍ വിദ്യാലയങ്ങളില്‍ വേദപഠനം പുനഃപ്രവേശിച്ചിരിക്കുന്ന അവസരം നഷ്ടമാക്കാതെ സൂക്ഷിക്കണമെന്ന് സൂനഹദോസുകളുടെ തിരുസംഘം ഇററലിയിലെ എല്ലാ മെത്രാന്മാരെയും അറിയിച്ചിരിക്കുന്നു.

## ഇംഗ്ലണ്ട്.

വെംബ്ലിയില്‍ നടക്കുന്ന സാമ്രാജ്യ പ്രദര്‍ശനത്തില്‍ കത്തോലിക്കരുടെ വകയായുള്ള പ്രദര്‍ശനസാമാനങ്ങളുടെ കുറവിനെ പരിഹരിക്കുന്നതിലേക്കു മൂന്നാഴ്ചകൊണ്ടു കമനീയമായ ഒരു കപ്പേള ആ സ്ഥലത്തുതന്നെ പണിയിച്ചു പ്രദര്‍ശിപ്പിക്കുന്നതിന്നു തീര്‍ച്ചയാക്കിയിരിക്കുന്നു.

ഇംഗ്ലണ്ടില്‍ ഫ്രാന്‍സിസ്കോസുസഭക്കാര്‍ പ്രവേശിച്ചിട്ടു അടുത്ത സെപ്ററംബര്‍ 10-ാംനു- ഏഴുനൂറു വര്‍ഷം തികയുന്നതിന്‍റെ ശതവര്‍ഷാഘോഷം നടത്തുന്നതിനുള്ള ഒരുക്കങ്ങള്‍ നടന്നുവരുന്നു.

## അമ്മേരിക്കാ.

കാര്‍ഡിനല്‍ മുന്‍ഡേലെയിന്‍ കര്‍ദ്ദിനാള്‍ പദം സ്വീകരിച്ചു റോമയില്‍നിന്നു ചിക്കാഗോവില്‍ തിരിച്ചെത്തിയ ദിവസത്തേ ആഘോഷമായ എതിരേല്പില്‍ അദ്ദേഹത്തിന്‍റെ വക ഏററിയാസെമ്മിനാരി നടത്തിപ്പിലേക്കായി ജനങ്ങളുടെ വക പത്തുലക്ഷം ഡോളറിന്‍റെ ചെക്കു അദ്ദേഹത്തിനു സമപ്പിച്ചിരിക്കുന്നു.

തെക്കേഅമേരിക്കയിലേ ഏകകര്‍ദ്ദിനാളായ ജോവാക്കിം അര്‍ക്കോവേര്‍ഡ് എന്ന ദേഹത്തിന്‍റെ ഗുരുപ്പട്ടസുവര്‍ണ്ണജൂബിലി ബ്രസ്സില്‍ ഗവമ്മേന്‍റില്‍നിന്നുതന്നേ ആഘോഷപൂര്‍വ്വം കൊണ്ടാടിയിരിക്കുന്നു. ജനാധിപത്യ പ്രസിഡന്‍റു ഡോക്ടര്‍ ബര്‍ണ്ണാര്‍ദസ് ആദിയായി എല്ലാ പ്രധാന ഉദ്യോഗസ്ഥന്മാരും ഇതില്‍ സമ്മേളിച്ചിരുന്നു.

# മനോഗുണ വിവരങ്ങൾ.

☞ പൃരക്കമായ് ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുൻപേർ അടച്ചിരിക്കണം.

ബോട്ടപകടത്തിൽവച്ചു എൻെറ കുട്ടിയ്ക്കുണ്ടായ പെട്ടന്നുള്ള അത്യാസന്നസുഖക്കേടിൽനിന്നും ചെങ്ങളത്തു മാർ അന്തോനീസിൻെറ മദ്ധ്യസ്ഥതയാൽ പൂർണ്ണസുഖം കിട്ടിയ വിവരം കുസുമത്തിൽ പ്രസിദ്ധം ചെയ്യാനപേക്ഷ.

എൻ. ജെ. ഐ. ചേർത്തല.

തിരുഹൃദയത്തിൻെറ അനുഗ്രഹത്താൽ എനിക്കു ഒരു കാൎയ്യം സാധിച്ചുകിട്ടിയതു കുസുമത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്ന നേർച്ച നിറവേററിക്കൊള്ളുന്നു.

,, മിസ്സ്. എ. കെ. തങ്കശ്ശേരി.

മാന്നാനത്തു വി. യൌസേപ്പുപിതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ ഇ. സി. ജേ. നെടുംകുന്നം.

കരിമണ്ണൂർ വി. അന്തോനീസിൻെറ സഹായത്താൽ എൻെറ അസാദ്ധ്യരോഗം നീങ്ങി പൂർണ്ണസുഖം പ്രാപിച്ചുവരുന്നതിനു ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

വി. കെ. എം. ഏനാനല്ലൂർ.

എങ്ങണ്ടിയൂർ ലൂർദ്ദ്മാതാവിൻെറയും പഴയൂർ മാർ അന്തോനീസിൻെറയും സഹായത്താൽ ഒരു പ്രത്യേക കാൎയ്യം സാധിച്ചതിൻെറ ഉപകാരസ്മരണ. എ. ററി. ഡി. എങ്ങണ്ടിയൂർ.

# ചരമ വാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

ചേന്നങ്കരിപ്പള്ളിയിടവക നേട്ടങ്ങാട്ടു തോമ്മസ് അവർകൾ ജൂൺ 23-നു തിങ്കളാഴ്ച 34 വയസ്സു.

ടി. ഇടവക രാമഞ്ചേരിലായ ചെമ്പോടിൽ ജോസഫ് അവർകൾ ജൂൺ 2 ാംനു വെള്ളിയാഴ്ച 51 വയസ്സു.

നീണ്ടകര ഇടവക ശ്രീമതി പ്രൻസേസ്സാമോറീസ് ജൂൺ 27-ാംനു.

ചേന്നങ്കരി ഇടവക കൊട്ടവായിൽ ശ്രീമതി മറിയാമ്മ മിഥുനം ൩൦-ാംനു തിങ്കളാഴ്ച ൮൫ വയസ്സ്.

പാലാ തിരുഹൃദയമഠത്തിൽ ബ. കത്രീനാമ്മ ജൂലൈ ൧-ാംനു തിങ്കളാഴ്ച ൨൯ വയസ്സു.

# ഔഷധക്കുറിപ്പുകൾ.

കർപ്പൂരം മുലപ്പാലിൽ പൊടിച്ചിട്ടു നസ്യം ചെയ്താൽ എക്കിൾ ശമിക്കും.

തകരം കൊട്ടം ഇവ ഓരോപലം അരച്ചു ഉരിത്തേനും, ഉരിനെയ്യും കൂട്ടി യൂരസി സേവിക്കുക, ഏതു ഭയങ്കരവിഷവും ശമിക്കും. ഇതുവീടുകളിൽ ഉണ്ടാക്കിവച്ചിരിക്കുന്നതു വളരെ ഉപയോഗമായിരിക്കും.

അതിവിടയം, ആവണക്കിൻവേരു, പച്ചില ഇവകൊണ്ടുണ്ടാക്കിയ കഷായം സേവിച്ചാൽ ദഹിക്കാതെ വയറിളകിപ്പോകുന്നതും അഗ്നിമാന്ദ്യവും ശമിക്കും.

# പഞ്ചാംഗം.


ഞായറാഴ്ച അക്ഷരം ൭ ൦ ൱൨ എപ്പകത്തി വ.

## ൧൯൨൪ ആഗസ്റ്റ് — ൧൦൯൯ കർക്കടകം — ചിങ്ങം.

| | | | | | |
|---|---|---|---|---|---|
| 1 ◐ | 17 | വെ | ശ്ലീ. പത്രോസിൻ ചങ്ങല. ന. ആ. ക. വെ. | | വെ. |
| 2 | 18. | ശ | പാ. വേദ. എസ്തപ്പാനോസ്സ. ന. അ. ക. വെ. | | ചു. |
| 3 | 19 | ഞാ | ✠ പന്ത. ൮-ാം ഞാ. ന. ക. അ. | ·൫൰ ·൨ ·൨ | പ. |
| 4 | 20 | തി | മൗ. ദൊമിനീക്ക് ന. ആ. ക. വെ. | | വെ. |
| 5 | 21 | ചൊ | മഞ്ഞുമാതാ. പള്ളിക്കൂദാശ. ന. ആ. ക. വെ. | | വെ. |
| 6 | 22 | ബു | (✠) ന. ക. വെളിപാട്ട ന. ക. വെ. | | വെ. |
| | | | ക. മാ. സ്വർഗ്ഗാരോഹണ നവനാൾ തുടങ്ങുന്നു. | | |
| 7 | 23 | വ്യാ | അ. വേ. ദൊനാത്തൊ. ന. ആ. ക. വെ. | | ചു. |
| 8 | 24 | വെ | വേ. കുറിയാക്കോസും കൂട്ട. ന. ആ. ക. വെ. | | വെ. |
| 9 | 25 | ശ | വേ. ലൗറന്തി. തലെ. ന. ആ. ക. ത. | | റോ. |
| 10 | 26 | ഞാ | ✠ പന്ത. ൯-ാം ലൗറന്തി ന. ആ. ക. വെ. | ൧൨ ·൨ ·൨ | ചു |
| | | | വ്യാഴം ഇ. വി. വെള്ളി കടം പള്ളിയിൽ ആഘോഷം. | | |
| 11 | 27 | തി | വേ. തിബോർത്തി ക്രൂ. ന. ആ. ക. വെ. | | ചു. |
| 12 | 28 | ചൊ | ക. ക്ലാര. ന. ആ. ക. വെ. | | വെ. |
| 13 | 29 | ബു | † മൗ. യോഹന്നാൻ ബർക്ക്മാൻ ന. ആ. ക. വെ. | | വെ. |
| 14 | 30 | വ്യാ | ക. മാ. സ്വർഗ്ഗാരോഹണം. തലെനാ. ന. ക. വെ. | | വെ. |
| 15 | 31 | വെ | ✠ ക. മാ. സ്വർഗ്ഗാരോഹണം. ന. ക. വെ. | | വെ. |
| | | | പ. ക. മ. സ്വർഗ്ഗാരോഹണം. പള്ളിപ്പുറത്തു പ്രധാന തിരുനാൾ. | | |
| 16 ◑ | 1 | ശ | † ക. മാ. പിതാ. യോയാക്കീം ന. ആ. ക. വെ. | * ൧൨ | റോ. |
| 17 | 2 | ഞാ | ✠ പന്ത. ൧൦-ാം ഞാ. ന. ക. അ. | ·൧൪ ·൧ ·൨ | പ. |
| 18 | 3 | തി | വേ. അഗപ്പീത്തുസ്സ് ന. അ. ക. വെ. | | ചു. |
| 19 | 4 | ചൊ | മൗ. അന്തോനിപാദ്വാ. ന. ആ. ക. വെ. ജൂൺ ൧൩ | | വെ. |
| 20 | 5 | ബു | ആബാ. ബെർണ്ണാർദ്ദ്. ന. ആ. ക. വെ. | | വെ. |
| 21 | 6 | വ്യാ | ക. മാ. സ്വർഗ്ഗാരോഹണം എട്ടാ. ന. ആ. ക. വെ. | | വെ. |
| 22 | 7 | വെ | † വിധ. ഫ്രാൻസീസ്സ് ഷന്താൾ ന. ആ. ക. വെ. ഇന്നലെ | | വെ. |
| 23 | 8 | ശ | ശ്ലീ. വർത്തലൂമാ ന. ക. വെ. ത. | | റോ. |
| 24 | 9 | ഞാ | ✠ പന്ത. ൧൧-ാം ഞാ. ശ്ലീ. ബർത്തു ന. ക. വെ. | ൫൰ ·൭ ·൨ | ചു. |
| 25 | 10 | തി | മൗ. ലൂദ്വിക്ക് രാജാ. ന. ആ. ക. വെ. | | വെ. |
| 26 | 11 | ചൊ | പാ. വേ. സെപ്പരിയോൻ ന. ആ. ക. വെ. | | ചു. |
| 27 | 12 | ബു | † ക. ത്രേസ്യാ ചങ്കുതുള. ന. ആ. ക. വെ. | | വെ. |
| 28 | 13 | വ്യാ | അ. മൗ. മ. അഗുസ്തീനോസ് ന. ആ. ക. വെ. | | വെ. |
| | | | കണ്ടത്തിൽ മാർ അഗുസ്തീനോസുമെത്രാപ്പോലീത്തായുടെ നാമകാരണൻ. | | |
| 29 | 14 | വെ | യോഹന്നാൻ മാംദാ. ശിരച്ഛേദ. ന. ആ. ക. വെ. | | ചു. |
| | | | വി. യോഹന്നാൻമാംദാനാ തേടക്കന്നത്തു പള്ളിയിൽ തിരുനാൾ. | | |
| 30 ● | 15 | ശ | † ക. റോസദലീമാ. ന. ആ. ക. വെ. | | വെ. |
| | | | ക. മാ. പിറവി നവനാൾ തുടങ്ങുന്നു. | | |
| 31 | 16 | ഞാ | ✠ പന്ത. ൧൨-ാം ഞാ. ന. ക. അ. | ·൧൨ ·൦ ·൨ | പ. |
| | | | വ്യാകുലമാതാവിൻ വണക്കമാസം തലേനാൾ. | | |

Printed and Published for the Proprietor by P. K. Joseph at
the St. Joseph's Press, Mannanam, 1924.


# BEST WRIST WATCH.



This is a very new style Watch. Its design and finish will satisfy the most critical test. Case gold gilt. Appearance is equal to solid gold. Glass crystaline figures Roman or Arabic. Swiss mechanism, perfect timekeeper, Guaranteed for 3 Years.

| | | | | |
|---|---|---|---|---|
| Price | Rs. | 7 | 0 | 0 |
| Pure Silver | .. | 8 | 4 | 0 |
| Nickel do | | 6 | 0 | 0 |

# GERMAN ALARM TIMEPIECE.



Offered at Greatly, reduced Price.

A cheap and very useful Alaram timepiece. Mechanism 4 inches dial in nickel case. 30 hours key-less. It will go in any position This timepiece can be esaily taken in travelling cases. It is very useful for students and every one who has got to do anything in time It is equally useful for night duty man Whenever it is desired, that the alaram should ring, the little hand on the dial should be set from the back of the alaram. At the time punctually, at that very moment, the alaram will ring. Guaranteed for 3 years

Price Rs 5/ only.

# LILLY OF THE VALLEY.



THE SCENT OF FRANCE

There is a mystic southern charm about "Lilly of of the Valley" that delights the senses. It is like a dream of a lower garden, and has been happily described as "an Inspiration in Perfume" wonderfully lasting and delightfully refreshing Prepared in every form necessary for the perfectly harmonious toilet

1 oz Bottle 2-8. 1/2 oz 8.

1 Dram Bottle As. 12.

Sample Bottle Dozen Re. 1-4.

V. S. Watch Co.

P. B. No. 105.

Madras.

# പി. പാപ്പിക്കമ്പിനി, മാന്നാനം.

## മേശക്ക സാമാനങ്ങൾ

| ചെനാപ്പട്ടു നീളം വളയം | | | Rs. | as. | p. |
|---|---|---|---|---|---|
| ൧-ാം ചരട്ടു ൨ മനീളംവളയം ൧-ക്ക | | | 1 | 2 | 0 |
| ൨-ാം „ പിരിച്ചതു | ൨ | „ | 0 | 12 | 0 |
| ൩-ാം „ | ൨ | „ | 0 | 9 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 0 |
| ൧-ാം കമ്പി | ൧ | „ | 0 | 2 | 0 |
| ൨-ാം „ | ൧ | „ | 0 | 3 | 0 |
| ൩-ാം „ | ൧ | „ | 0 | 4 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 6 |
| ആക്കമുടി വളയം | ൧ | „ | 0 | 10 | 0 |
| അപ്പസ് ൧-ാംതരം | ൧ | „ | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | „ | 0 | 2 | 6 |
| പേന്തി. (Bridge) | ൧ | „ | 0 | 2 | 6 |
| ആണി. (Screw) | ൧ | „ | 0 | 2 | 6 |
| പരന്തുവാൽ. ൧-ാംതരം | ൧ | „ | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| No. ൭. (മുട്ടഭാഷ) ഡസൻ 1ക്ക | | 0 | 1 | 9 |
| നമ്പ്ര 1 സെൻറു ജോസഫ് | „ „ | 0 | 2 | 3 |
| 1251 ഇത്താലിയൻ കാശു. | „ „ | 0 | 5 | 0 |
| 100 വി. തോമ്മാശ്ലീഹാ. (വട്ടം) | „ | 0 | 10 | 0 |
| 101 ടി. പിച്ചള | „ „ | 0 | 7 | 0 |
| 50 വി. കബ്ബാന. | „ „ | 0 | 14 | 0 |
| 53 തിരുഹൃദയം | „ „ | 0 | 14 | 0 |
| 56 ടി. | „ „ | 1 | 1 | 0 |
| 131 തിരുഹൃദയം. | „ „ | 1 | 1 | 0 |
| 6434 „ | „ „ | 1 | 0 | 0 |

## അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ ൧ക്ക | „ | 0 | 5 | 0 |
| 324 കക്കടവൃത്തം. | „ | 0 | 5 | 0 |
| 231 നീണ്ടഭാഷ. | „ | 0 | 7 | 0 |
| 337 വൃത്തം. | „ | 0 | 7 | 0 |
| 338 വൃത്തം. | „ | 0 | 10 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുതു് | „ | 0 | 10 | 0 |
| 325 കക്കടവൃത്തം. | „ | 0 | 10 | 0 |
| 342 കരിന്തുഭാഷ. | „ | 0 | 10 | 0 |
| 7023 ചതിര ഒററത്തട്ട. | „ | 0 | 12 | 0 |
| 7231 ചതുര എരട്ടത്തട്ട വലുതു് | „ | 0 | 13 | 6 |
| 399 നക്ഷത്രഭാഷ. | „ | 1 | 1 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | „ | 1 | 1 | 0 |

| | | | |
|---|---|---|---|
| പളുങ്കു കാശു ൧-ാംതരം ഡസൻ ൧ | 3 | 12 | 0 |
| ടി. ൨-ാംതരം „ ൧ക്ക | 3 | 0 | 0 |
| ടി. ൩-ാംതരം „ ൧ക്ക | 2 | 4 | 0 |

## പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടുചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസന്ദേശ്യാർ അമ്മാന | 0 | 8 | 0 |
| 6 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ശുദ്ധികരവണക്കം | 0 | 13 | 6 |
| 12 ദേവാലയഗീതം (സുറിയാനി) | 0 | 10 | 0 |
| 13 നിത്യാരാധന 1ക്കു് | 2 | 0 | 0 |
| 14 പാഠ്യക്ഷസംഗ്രഹം 1ക്കു് | 0 | 10 | 0 |
| 15 ദിനചര്യം 1ക്കു് | 0 | 5 | 2 |
| 16 തിരുഹൃദയ വണക്കം 1ക്കു് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്കു് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്കു് | 0 | 2 | 6 |
| 19 ദേവമാതാ. വണക്കം. | 0 | 13 | 0 |
| 20 മാർ യൌ. വണക്കം | 0 | 13 | 6 |
| 21 ടി. കുട്ടിക്കത്തിസത്തു് | 1 | 6 | 0 |
| 22 ദേവമാ. അത്ഭുത ചരിത്രം 1ക്ക | 0 | 12 | 0 |

## പടങ്ങൾ

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം | „ | 1 | 12 | 0 |
| 13×17 ടി. | „ | 5 | 4 | 0 |
| 16×30 ടി. | „ | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | „ | 0 | 5 | 0 |
| ടി. ~~100~~-ക്ക [illegible] | | | | |
| 240 പടമുള്ളപാളിപ്പ [illegible] ൧ക്ക | | | | |

8×10, 13×1[illegible] 20, ടി. വലിപ്പങ്ങളിൽ തിരുഹൃദയ [illegible]തകുന്നതായ തിരുഹൃദയപടങ്ങളും [illegible] പ്രചത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു, 17x13-ൽ സെൻറ് സബാസ്ത്യാൻ സെൻറ് ജോർജ്ജ്, മുതലായ പലതരം പടങ്ങളുമുണ്ടു്.

P. Pappy and Co.
Mannanam, Travancore